**Sharon Koshy**

IIIrd BA International Relations and Political Science, Capital Centre, Trivandrum.



# Crumbler man, crumbleth not!

Silver fishes squat
Tails of hope
Do the mermaids
Know their slope?
Life crumbles not
Fate that is strong
Crumbles man
Knowing not :
Hope lies in tail,
Life lies in sliding.
Build not a mansion
But a nest where
Life lives in the cells of air.
People waste money for clocks
Know not he,
Time's winged chariot
Fly with tissues golden
of curved lines, man heed not!!!

**Sheza Shareef**
Guest Lecturer, English



# *Lonely and Crazy Love*

**Shilpa U.M**

II$^{nd}$ MA English and Comparative Literature

The day when Lathika turned 21 her parents started worrying about her future and the big life which lie ahead. No! They were not thinking about her higher studies, they were thinking about the "higher duties" in her life. Lathika was an average scorer in her schools and colleges. She was good looking, her shinning hair parted right from the middle to sides, a pair of eyes which can catch other eyes to its sockets, long nose and always smiling lips. She was the eye of her parents, because she was the only child they had. They had a small house in a traditional south Indian style. A portico, a medium size verandah which can hold up to two families, if the families have an adjusting attitude, three well built rooms and a small kitchen.

It was during her college days she came to know about the social networking site, facebook. At first she was not interested, but later when all her colleagues started talking the familiar words like profile picture, tags, wall, post, but with a different meaning, she became curious. The next day with the help of one of her close friends she started an "account". After a week's use, she understood the meaning of all those familiar words. Nowadays, she had a lot to look up in internet for her studies. Her parents felt proud about their daughter. Even if they didn't know anything about the machine, their daughter is using it all the time. Their daughter is "Technologically forward" they proudly said.

One day she got a new friend request from "Lonely Kumar". She started thinking about all the Kumar's she knew, but she never knew someone with a name "lonely" in it. But his profile seemed tipped in bitter tear salt. A wave of loneliness

played in all his posts. And then she noticed her new message;

Lonely Kumar

Can we be friends?

She thought for a minute. Should I accept him? What is the big deal in accepting him? It's okay, he is lonely and seems to be polite.

Lonely Kumar and Crazy Lathika are now friends.

Lonely Kumar:

Thank you.. ☺

Crazy Lathika:

You're welcome ☺

Lonely Kumar:

Graduated?

Crazy Lathika:

Yes ☺

Lonely Kumar:

Me too.

It was just the beginning of their new graduation course in life. The friendship grew to something beyond friendship. Lonely Kumar always appeared as Shahrukh, Salman, Amir, and Crazy Lathika went with cute baby's pictures. But somehow they started loving each other. They understood each other very well. There was always a solution for Lonely Kumar's problem if he shared it with Crazy Lathika and the same for Crazy Lathika also. There was no day or night for their conversations. They became so close that one day Lonely Kumar send his original picture to Crazy Lathika and Crazy Lathika send her picture to him. Both of them liked each other, and they decided to marry.

Was it an earthquake or Lathika's dad shaking the hell out of her? A lot of events took place in her house. Things changed its place, people changed their expressions and shapes. Lathika's face was blown up here and there and her parent's face was completely blown up like a balloon. But somehow they agreed. She messaged him to bring his parents to her home to decide a date for their marriage.

Lonely Kumar's family arrived at the right time. At the same morning Crazy Lathika saw Happy Kumar instead of Lonely Kumar in her chat box. Wow..! She has changed someone's life. They couldn't talk face to face, since the elders were busy talking and biting their ears out giving them advices. And the marriage was fixed. Both of them slowly slipped to preparations, but they never stopped chatting. Lathika's parents were finally happy for her. They blessed her whole heartily and waved her good bye. For Crazy Lathika and Happy Kumar it was a dream come true.

Happy Kumar Married to Crazy Lathika.

It was during the journey she came to know that his name was Raghav Kumar. But she liked his name too. May be they were too shy that they didn't talk much during the journey.

Later at night Crazy Lathika before entering to her bedroom, waiting for the hot cup of milk in the kitchen, changed her name to Lathika Raghav in Facebook and uploaded their wedding picture. A shower of likes covered the picture. The fellow friends hailed the facebook love and marriage, some commented it as a new beginning in marriage history.

Raghav Kumar likes your picture.

Happy Kumar changed his name to Raghav Kumar and was waiting for his wife to arrive. She hurried to their bedroom with her phone on one hand and a cup of milk on another hand. Raghav welcomed her with a warm smile. They shared the milk. An awkward silence started creeping. Lathika and Raghav were quiet. Raghav tried to talk but he couldn't. After a five minutes struggle he opened his laptop, logged into facebook and send Crazy Lathika a message.

Raghav Kumar:

Hey..! We are married ;)

Lathika Raghav:

Its wonderful, we're finally together ☺

Raghav Kumar:

Yes, our dream came true.

And they continued chatting, the only way of communication they knew!

# One Day Pre-Monsoon Cleaning in Connection with Swachhta Pakhwada – A Report




*Madayippara, which harmoniously blends the treasure house of rich bio-diversity and the amazing meeting-point of historical monuments, is a Govt. of Kerala owned public place. Now it's under the threat of ecological wreck and destruction due to human encroachment and exploitation.*

A One-Day Pre-Monsoon Cleaning Programme in the premises of Madayippara, an ecologically fragile bio-diversity zone of Kannur District of Kerala was conducted by the National Service Scheme Cell of Central University of Kerala on 07.06.2016 in connection with the Swachhta Pakwada of Govt. of India.

The massive dumping of plastic and other waste materials were completely removed by the dedicated and enthusiastic students of various departments of the University on the day. Collection of the waste, separation of the plastic wastes from others, and transporting the wastes to the dumping yard with a proper waste management were the action plan of the Cleanliness Programme. Out of the hundred students participated; ten squads consisting 10 students each were deployed under individual leaders in different affected areas. These squads transformed the drive into a grand success. They all took the Pledge of Environmental Protection too.

Prof. (Dr.) G. Gopakumar, the Vice Chancellor of Central University of Kerala himself was present to monitor and lead the Cleanliness Drive with the support of Dr. Efthikar Ahamed B., the Programme Coordinator of NSS Cell of the University. Dr. Joshith V.P., NSS Programme Officer and Dr. Muthukumar, Associate Professor of Environmental Studies gave instructions to the student groups. Smt. Abida Teacher, the President of Madayi Grama Panchayath, along with three ward members extended the support of the local panchayath to the volunteers. The authorities of Govt. Girls' Higher Secondary School, Madayi widened their support to the drive by providing an ample space of the school hall and ground for the volunteers' gathering and refreshment.

Earlier in the morning, a meeting was organized by the University to sensitize the public about Govt. of India's Swachhta Pakhwada programme, the necessity of environmental protection and immediate measures to be taken against its contamination and destruction. Prof. (Dr.) G. Gopakumar, the Vice Chancellor, briefed the gathering about the programme and the role of the University. The Panchayath President, Ward Members, and Environmentalists also addressed the gathering. Dr. Efthikar Ahamed welcomed the gathering on behalf of the University.

In line with the World Environment Day (5th June), hundreds of saplings supplied by the panchayath were also planted by the students in various areas of Madayippara.

The programme came to an end by 4 pm.

**Dr. Efthikar Ahamed B.**
Programme Coordinator
NSS Cell of CUK









# CONTEMPLATING THOUGHT AND LANGUAGE

'An idea can change your life!' screams a popular actor trying to convince you of buying his product. It is not wrong, ideas have the unique ability to alter your mood, personality and even character.

The origin of an idea is influenced by the thinker's immediate surroundings, his perceptions, his memories and all other external factors. However, what plays the lead role would definitely be the language that he grows up learning. Here, language need not be his mother tongue alone but may be all kinds of written, verbal and even sign language that he picked up while he was young and those that he learned or was taught to him as was part of his formal education.

The view of language as just the means written communication is a very narrow one as in the practical sense, it has a much wider scope. Language shapes ideas and is pretty much the mother of inspiration of newer ones. Only by traversing through the intricate tangle of language and making sense of its complexity that a person can express his more complex emotions. It is true that a complete language is not essential for expressing

**Sanjith S.**

BA International Relations and Politics , Capital Centre.

one's basic emotions, but in the practical world, rhetoric is everything.

A good grasp of language is imperative for effective communication of ideas. Some say that Knowledge is true opinion, some argue that knowledge can exist on its own. But it cannot be denied that language is the key to knowledge. Hence, language is the medium through which knowledge flows. It may not be the only channel but it is undoubtedly the widest one.

Now, this would not make sense unless the reader is familiar with the definition of 'knowledge'. Ancient Greek philosophers grappling with the question understood knowledge as the summation of all the understanding of the senses. Senses truly guides a man's understanding of the world for that is the experience that he always banks upon. Immanuel Kant, an iconic political theorist and philosopher believed that all our knowledge believed that all our knowledge begins with the senses, proceeds then to understanding and ends with reason.

The relationship of language and thought can be better understood with the following elements; Reason, understanding and emotions arising out of experience.

Experience is one of the few things that all men agree upon. It originates from our sensory input and is relative in nature. Understanding is then the processing of the raw data i.e information procured through experience. Our minds are experts at disseminating information, processing it and storing away the useful bits in a fraction of a second. This shows clearly that understanding requires some framework and later in, linguistic calibre to transform one's sensory data into meaningful information. Thinking, Plato says, is the talking of the soul with itself. Ancient philosophy aside, one knows how important it is to say that right word that can change everything, either for good or for a horrible end.

The Greek philosopher, Plato goes on to say that no law or ordinance is mightier than understanding. Yet knowledge and understanding is not enough. Knowledge might be the brain and Reason might be the heart but language is the blood which keeps it all alive. Knowledge will remain contained without expression and Reason will remain useless without expression.

Every voluntary action is a product of reason. (including reaction to emotions) If the expression of understanding is blocked either to oneself or to others, action becomes extremely difficult. Evidently if understanding is not conveyed to the mind inside or to the world outside properly, action is not very forthcoming. It is here that language saves the day. Language provides the necessary framework for mind to communicate effectively with itself as well as to others.

Historical evidence would suggest that human beings evolved when they learned to communicate with each other. From Ancient Egyptian hieroglyphics to Tamil Brahmi to Sanskrit and the Vedas, we have continuing proof of the same. While language is irrevocably connected with the evolution of mankind, it's not and has not been the sole catalyst. But it is a significant enough factor to deserve it's own pedestal. Thus, Language, however you perceive it, remains an integral part of the world that we live in; connecting us to our minds, our past, our present and future.



# DEAD POET

**Shilpa U.M.**

Dragging the bag I walked
A bunch of unpublished works
Did I miss anything?
Were my words meaningless?
I carefully moulded my poems
Like a mother mould's her child
Placed each letter delicately,
Stepping back and savouring its beauty,
At every instance of completion.
The words made a garland,
Each connected by a thin hidden line,
The line which connected them to me.
There I will trick the readers!
The hidden line is my thread
Every word was special pearls in it.
Pearls created from the –
Dirt and stains of experience.

But the garland was found ugly,
Hidden lines never recognised
My words meaningless without them,
Lay dead and soulless –
In front of me!
I picked them up,
Everyone one of them,
Did I miss one?
I should search then,
For the poem is my child,
The result of my –
Strained heart—if not,
It might stain the
Path of the new poets ...

# CUK Speakers' Forum Workshop




A Token of Appreciation from Dr. K. Jayaprasad to Kunjiraman (Uduma MLA)




# Foundation Day Celebration





## Onam Celebration





## International Yoga Day




## Students' Interaction at Periya HSS ( Extension Activity)



## Oath Taking Ceremony





## Independence Day Celebration













## Photography Workshop



## Republic Day Celebration




## Students Interaction with Vice Chancellor





# മലയാളം



# ഓർമ്മച്ചെപ്പ്

നീയായിരുന്നെൻ സാന്ത്വനം ഇരുകരയി
ലെത്രനാൾ നിന്നെ നിനച്ചേയിരുന്നു ഞാൻ
മഴക്കോളുതീരും മനസ്സിന്റെ തീരത്ത്
ഒരു ചെറുകാറ്റായ് പോലും വന്നതേയില്ല നീ
പൊള്ളുന്നോരെൻ കൊച്ചു മനസ്സിലേക്കിത്തിരി
സാന്ത്വനം പകർന്നതേയില്ല നീ
പിടയുന്ന സത്വത്തെ ഉയിരേകിയൂട്ടുവാൻ
ഒരു നുണക്കഥയും പറഞ്ഞതേയില്ല നീ
നീറുന്നൊരെൻ മനസ്സിന്നന്തപുരത്തിൽ ഒരു
കൊച്ചു സ്വപ്നവും തന്നതേയില്ല നീ
ചൊല്ലിയതൊക്കെയും പാഴ്വാക്കുകൾ മുന്നിൽ
കടപുഴകി വീണ പാഴ്മരങ്ങൾപോൽ
പച്ചപ്പടർപ്പിൽ ചിത്രവർണ്ണതുമ്പിപോലെ
ഒടുവിൽ നീയെത്തിയെന്നോ തണുപ്പിൽ
തിരിച്ചറിവിന്റെ ചോദ്യശരവുമായ്
നിനക്കുതരുവാൻ ഒന്നുമില്ലെന്നകതാരിൽ
കാലപ്പഴക്കത്തിന്റെ ചിതറിത്തെറിച്ച പാഴ് വാക്കുകളല്ലാതെ...

**Aneesha K**
I[st] MA International
Relations & Politics




# ഭൂഗോളങ്ങളിലെ ആഗോളക്കൂട്ടായ്മ

സ്നേഹത്തിന്റെ അകിട് വറ്റിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് വിദ്യാർത്ഥികളെ വഴിതെറ്റാതെ നോക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. മാതൃഭാഷയിലൂടെ ചിന്തിക്കാൻ കഴിയാതിരിക്കുമ്പോൾ ഭാവനയുടെ കൂമ്പടഞ്ഞു പോകുന്നു. ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ സമൂഹത്തിൽ ഇടപെടുന്നത് സർഗ്ഗവാസനകളുടെ സ്വതന്ത്രവ്യാപാരത്തെ ഇല്ലായ്മ ചെയ്യാനാണ്. വിദ്യാർത്ഥികളുടെ ഒടിവും വടിവും നികത്തി നന്മയുടെ പാതയിൽ സഞ്ചരിക്കാനുള്ള ദൗത്യം ഏറ്റെടുത്തു നടത്തുവാൻ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ സാധിക്കുകയുള്ളൂ. കലാലയങ്ങൾ കലയുടെയും സാഹിത്യത്തിന്റെയും ഉപാസകരാകണം. കാലത്തിന്റെ നേരായ പോക്കിന് നേരേ പുറംതിരിഞ്ഞു നിൽക്കാതെ സ്നേഹസാഹോദര്യത്തോടെയുള്ള ഒരു ചുറ്റുപാടുണ്ടാക്കിത്തീർക്കുക എന്നത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. ആ കടമ നിറവേറ്റുവാൻ അധ്യാപകരും വിദ്യാഭ്യാസ വിചക്ഷണരും സാംസ്ക്കാരിക പ്രവർത്തകരും ഒരുമയുടെ കൂട്ടായ്മ ഉണ്ടാക്കിയെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥി സമൂഹത്തെ നമുക്കുവേണം. അവർ ഈ സമൂഹത്തിന്റെ നാളത്തെ വരദാനങ്ങളാണ്. അവർക്ക് വേണ്ടത് നാം കൊടുക്കുകയും വേണ്ടാത്തത് നാം കൊടുക്കാതിരിക്കുകയും ചെയ്തുകൊണ്ട് വളർത്തിയാൽ മാത്രമേ അവർ നമ്മുടെ രാഷ്ട്രപുരോഗതിക്ക് മാർഗ്ഗദീപമാകുകയുള്ളൂ.

ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ വളർച്ചയുടെ ഫലമാണ് ദൃശ്യമാധ്യമങ്ങളും സോഷ്യൽമീഡിയകളും. ഇവയുടെ വരവോടെ വാർത്താവിനിമയരംഗം അത്ഭുതപൂർവ്വമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. ലോകം നമ്മുടെ മുന്നിൽ തുറന്നു വച്ചിരിക്കുന്ന

**Anwar Shahid P.M.**
III rd BA IR & PS

പുസ്തകം പോലെയാണ്. whatsapp, google plus, facebook, twitter etc. കാലം പോകുന്നതനുസരിച്ച് സൈറ്റുകളും വർദ്ധിക്കുകയാണ്. ക്യാംപസിൽ ഒന്നിച്ച് പഠിച്ചവർക്ക് പിന്നീട് പരസ്പരം ബന്ധമില്ലാത്തവർക്ക് സൗഹൃദം പുനഃസ്ഥാപിക്കാൻ വേണ്ടി ഉണ്ടാക്കിയ ഗ്രൂപ്പുകളായിരുന്നു ആദ്യകാലത്തെ സോഷ്യൽ സൈറ്റുകൾ. വെറും ചാറ്റിംഗ് എന്നതിലുപരി ഫോട്ടോകളും വീഡിയോകളും ഷെയർ ചെയ്യുന്ന രീതിയിലേക്ക് ഇന്ന് ഇത്തരം സൈറ്റുകൾ വളർന്നുകഴിഞ്ഞിരിക്കുന്നു. കമ്പ്യൂട്ടറിലും ലാപ്ടോപ്പിലും മാത്രം ഒതുങ്ങിയിരുന്ന ഇവർ സ്മാർട്ട് ഫോണിന്റെയും ത്രിജിയുടേയും വരവോടെ മൊബൈലിലും സ്ഥിരം സ്ഥാനക്കാരായി മാറിയിരിക്കുന്നു. കമ്പ്യൂട്ടറിലും മൊബൈലിലും ഉപയോഗിക്കാവുന്ന വിധത്തിൽ ചെറുതും വലുതുമായ സോഫ്റ്റ്‌വെയറുകൾ ലഭ്യമായതോടുകൂടി സോഷ്യൽമീഡിയകൾ കൂടുതൽ ജനകീയമായി.

കേവലം സുഹൃദ്ബന്ധങ്ങൾക്കപ്പുറത്ത് ലോകത്തിന്റെ ഗതി നിർണ്ണയിക്കുന്ന വിധത്തിൽ സോഷ്യൽ മീഡിയകൾ മാറിയിരിക്കുന്നു. ഈജിപ്തിലെ തഹ്‌ശീർ സ്ക്വയറിൽ സമരത്തിന്റെ കൊടുങ്കാറ്റ് വിതച്ചത് facebook ലൂടെ ആയിരുന്നു. അസ്മമെഹ്ഫ്യൂസ് എന്ന യുവതിയുടെ വീഡിയോ ആയിരുന്നു ഹുസ്നി മുബാറിന്റെ പതനത്തിന് കാരണം. നിമഷങ്ങൾക്കകം ലക്ഷക്കണക്കിന് ആളുകൾ ഷെയർ ചെയ്ത് വീഡിയോ പിന്നീട് സമരമുഖത്തേക്ക് ജനങ്ങളെ നയിച്ചും സോഷ്യൽ മീഡിയ വഴിയുള്ള പരസ്പര ആയശവിനിമയമാണ് ഇതിന് പിന്നിൽ സോഷ്യൽമീഡിയകളെ തുടക്കത്തിൽ എതിർത്തവർപോലും ഇന്ന് ഇതിന്റെ പ്രചാരകരാണ് എന്നുള്ളതാണ് ഏറ്റവും വലിയ സത്യം. പ്രത്യേകം പ്രത്യേകം ഗ്രൂപ്പുകളുണ്ടാക്കി ഒരേ ആശയമുള്ളവരും കാഴ്ചപ്പാടുള്ളവരും സംവദിക്കുമ്പോൾ തന്നെ വിഭിന്ന കാഴ്ചപ്പാടുള്ളവരും അവരുടെ ആശയങ്ങളും ആദർശങ്ങളും കൈമാറുന്നത് ഇന്ന് ഇത്തരം സൈറ്റുകളിലൂടെയാണ്. രാഷ്ട്രീയ പ്രശ്നങ്ങളും സമരങ്ങളും മറ്റും ചർച്ചചെയ്യുന്നതും അതിലേക്ക് ആളുകളെ ആകർഷിക്കുന്നതിനും ഇന്ന് സോഷ്യൽ മീഡിയകൾ വളരെയധികം പങ്ക് വഹിക്കുന്നു.

ഇന്ത്യക്കാർ അമേരിക്കയിലുള്ളവരുമായും എന്നല്ല ലോകത്തിന്റെ ഏത് കോണിലുള്ളവരുമായി ബന്ധം സ്ഥാപിക്കുമ്പോൾ ഇവിടെ രാഷ്ട്രീയപരമായോ ഭാഷാപരമായോ തുടങ്ങി ഒരു തരത്തിലുള്ള അതിർവരമ്പുകളെയും ഭയക്കേണ്ടതിലും സൈറ്റുകളുടെ  എണ്ണം വർദ്ധിച്ചതോടെ ലോകത്തിൽ ഏത് മുക്കിലും മൂലയിലും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ലൈവായി നമ്മുക്ക് ലഭ്യമാകുന്നു. സംഭവങ്ങൾ നാം നേരിട്ട് കാണുന്നതിനാൽ മറ്റുള്ളവർ പറഞ്ഞറിയേണ്ട ആവശ്യമില്ലാതാകുകയും ചെയ്യുന്നു. പത്രമാസികകളുടെ പ്രസക്തിക്ക് മങ്ങലേക്കുന്നതിന് ഇത് കാരണമാകുന്നു. ദൃശ്യമാധ്യമങ്ങളെ ആശ്രയിക്കുന്നതുമൂലം പണവും സമയവും ഏറെ ലാഭിക്കുന്നു എന്നതും വലിയ നേട്ടമായി വിദ്യാർത്ഥികൾ കരുതുന്നു.

നമ്മുടെ രണ്ട് കണ്ണുകൾ കാണുന്ന കാഴ്ചകൾക്കപ്പുറത്ത് ദൃശ്യമാധ്യമങ്ങൾ ഒപ്പിയെടുക്കുന്നവ വിഭവസമൃദ്ധമായി നമ്മുക്ക് മുമ്പിൽ വിളമ്പി വെക്കുമ്പോൾ നമ്മുക്കാരെയും കുറ്റപ്പെടുത്താൻ സാധിക്കുകയിലും വിവിധ കോണുകളിൽ നിന്ന് ക്യാമറകൾ ഒരേസമയം വൈവിധ്യമായ നിറക്കാഴ്ചകൾ അനുനിമിഷം എത്തിച്ചുകൊണ്ടിരിക്കും. കായിക മത്സരങ്ങളുടെ തത്സമയ സംപ്രേക്ഷണം ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്. ടിക്കറ്റെടുത്ത് മൈതാനത്ത് നിന്ന് കാണുന്നതിനേക്കാൾ ആവേശവും താത്പര്യവും ടെലിവിഷനിലൂടെ ലഭിക്കുന്നുവെന്നതാണ് അതിന്റെ പ്രത്യേകത. ചുരുക്കത്തിൽ ഏതുതരം സംഭവമായാലും വാർത്തകളായാലും പത്രമാധ്യമങ്ങളിലൂടെ വായിച്ചറിയുന്നതിനേക്കാൾ നാം ഇഷ്ടപ്പെടുന്നത് ദൃശ്യമാധ്യമങ്ങളിലൂടെ അവ നേരിട്ടു കാണാനാണ്. ശാസ്ത്രഭാഷാ കായിക, കലാ, സാഹിത്യം, സംസ്ക്കാരം എന്നിങ്ങനെ എല്ലാ വിഷയങ്ങളെക്കുറിച്ചും

ദൃശ്യമാധ്യമങ്ങൾ പ്രേക്ഷകർക്കുവേണ്ടി വിജ്ഞാനവും, വാർത്തയും നൽകിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ചാനലുകൾ തമ്മിൽ അനാരോഗ്യകരമായ മത്സരങ്ങൾ പോലും നടക്കുന്നുണ്ട്.

പത്രവാർത്തകളെ സംബന്ധിച്ചിടത്തോളം ആറിയ കഞ്ഞി, പഴകഞ്ഞി എന്ന ചൊല്ല് അന്വർത്ഥമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. പ്രഭാതപത്രങ്ങളിൽ അച്ചടിച്ചുവരുന്ന കാര്യങ്ങൾ തലേദിവസം രാത്രി ദൃശ്യമാധ്യമങ്ങൾ പ്രേക്ഷകസമക്ഷം അവതരിപ്പിച്ചു കഴിഞ്ഞവയായിരിക്കും. സ്വാഭാവികമായും പത്രങ്ങളിൽ വരുന്ന വാർത്തകൾ വായിക്കുവാൻ വേണ്ടത്ര ഉത്സവം കാണുകയിലും പുതിയ തലമുറ പത്രവായനയിൽ നിന്ന് പിൻവലിയുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. ദൃശ്യമാധ്യമങ്ങളുടെ വരവോടെ വിസ്മൃതിയിലേക്ക് പോയിക്കൊണ്ടിരിക്കുന്ന പല ദൃശ്യകലകളും പുതിയ തലമുറക്ക് കണ്ടാസ്വദിക്കാനുള്ള സൗകര്യം വർദ്ധിച്ചിരിക്കുകയാണ്. നമ്മുടെ സാംസ്കാരികപൈതൃകത്തെയും സ്വത്വബോധത്തെയുംക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കാൻ ഇത് സഹായകമാകുന്നു. നമ്മുടെ ജീവിതത്തിൽ താളബോധങ്ങളെ നിരന്തരം ക്രമീകരിച്ചുകൊണ്ടിരിക്കുന്ന ദൃശ്യമാധ്യമങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ജീവിതം ഇനി അസാധ്യമാണ്. അത്രമേൽ സ്വാധീനം അവയ്ക്ക് നമ്മുടെ ജീവിതത്തിൽ വന്നു കഴിഞ്ഞു.

യുവത്വം വെല്ലുവിളികളുടെ കാലഘട്ടമാണല്ലോ....... ഇന്ന് ക്യാംപസ് കൗമാരങ്ങളുടെ അടിസ്ഥാന വികസനത്തിന് മാധ്യമങ്ങൾ വളരെയധികം പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. മാധ്യമങ്ങളുടെ സ്വാധീനംകൊണ്ട് വിദ്യാർത്ഥികളുടെ ക്രിയാത്മകശേഷിയും പ്രതികരണശേഷിയും കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. മാധ്യമങ്ങളുടെ അതിപ്രസരണത്താൽ എന്തിനും തന്റെ ക്രിയാത്മകമായ ചിന്തകളെ ഉൾക്കൊള്ളിച്ചുകൊണ്ട് അതിനെതിരെ പോരാടാനുള്ള മനോഭാവത്തിലേക്ക് എത്തിയിരിക്കുന്നു. പുസ്തകപ്പുഴുക്കളായി ജീവിക്കുവാൻ പുതിയതലമുറയിലെ വിദ്യാർത്ഥികൾക്ക് താത്പര്യമില്ല മാറ്റത്തിനായി ദാഹിക്കുന്ന ഒരു യുവ സമൂഹമാണ് ഇന്ന് നമ്മുക്കുള്ളത്.





# ഇന്ത്യയുടെ
## വ്യവസായ തലസ്ഥാനത്തിലൂടെ...

Ibrahim Khaleel C. A.

ഉയർന്ന പരീക്ഷായോഗ്യതകൾ നമ്മെ യോഗ്യനാക്കണമെന്നില്ല, പക്ഷെ, അനുഭവങ്ങളും ജീവിത കാല്പ്പാടുകളും ജീവിതത്തിൽ എന്നും ദിശാബോധം നൽകുന്നവയാണ്. ഏതൊരു വിദ്യാർത്ഥികളുടേയും പൂർണ്ണത തന്റെ പാഠപുസ്തകത്തിനപ്പുറം സഞ്ചരിക്കാനുള്ള കഴിവും സമൂഹത്തിന്റെ സ്പന്ദനങ്ങൾക്കൊപ്പം തന്റേതായ കാൽവെയ്പ്പുകൾ പകരലുമാണ്...... കേരള കേന്ദ്രസർവ്വകലാശാലയിൽനിന്നും ഞങ്ങൾക്ക് ലഭിച്ച എക്സ്പോഷറുകൾക്കിടയിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ചിന്തകളേയും പേറിക്കൊണ്ടാണ് ഞങ്ങൾ ടീം ഇക്കണോമിക്സ് മുംബയിലേക്ക് യാത്ര തിരിക്കുന്നത്. സമോന്നത വിദ്യാഭ്യാസമേഖലകളിൽ ഭൂരിപക്ഷം കയ്യാളിക്കണ്ടിരിക്കുന്ന പെൺപട തന്നെയാണ് ഞങ്ങളുടെ ക്ലാസ്സിലെ ഭൂരിപക്ഷ 3 ആൺകുട്ടികൾ എന്ന് പറയുന്നതിനേക്കാൾ നല്ലത് ഭൂരിപക്ഷവും പെൺകുട്ടികളാണെന്ന് പറയുന്നതാണ് ഉചിതം എന്നാണ് എനിക്ക് തോന്നാറുള്ളത്! ശ്യാം സാറും, ജോസഫ് സാറും, അൻവർസാറും, വിനീത് സാറും ഉള്ളത് ഞങ്ങളുടെ സ്ട്രെങ്ത്ത് കൂട്ടി. ലേഡി സ്റ്റാഫായി മലയാളം ഡിപ്പാർട്ട്

മെന്റിലെ അനിതാ മാഡത്തെ കിട്ടിയില്ലായിരുന്നുവെങ്കിൽ ഞങ്ങൾക്ക് ടിക്കറ്റ് എടുക്കേണ്ടിവരില്ലായിരുന്നു.

വ്യത്യസ്തമായൊരു അനുഭവവും പ്രതീക്ഷിച്ച് കൊണ്ടാണ് C.U.K ഇക്കണോമിക്സ് ഫാമിലി മുംബയിലെക്കുള്ള വണ്ടികയറുന്നത്. സിലബസിന്റെ ഭാഗമായുള്ള പഠനയാത്ര തികച്ചും വേറിട്ടൊരു പഠനം തന്നെയായിരുന്നു.

സൂര്യനുദിക്കുന്ന ഓരോ ദിവസവും മനുഷ്യന് ഇന്നലെകൾ പറയാത്ത കാര്യങ്ങൾ പറഞ്ഞ്കൊണ്ടാണല്ലോ അസ്തമിക്കുന്നത് പക്ഷേ, നാം അറിയാതെപോകുന്നു എന്നുമാത്രം. ഇന്ത്യയുടെ വ്യവസായ തലസ്ഥാനത്തുള്ള ഓരോ കാഴ്ചപ്പാടുകൾക്കും ഇന്നലെകൾ പറയാത്ത ചാരിതാർത്ഥ്യമുണ്ടായിരുന്നു. ഞങ്ങളുടെ ഓരോ ദിശമാറ്റങ്ങൾക്കിടയിലും മുംബൈ നഗരത്തിന്റെ നിറം വ്യത്യസ്തങ്ങളായിരുന്നു. ഒരു ഭാഗത്ത് നിന്നും കാണുന്ന കാഴ്ചകൾക്ക് വിഭിന്നമായിട്ടാണ് മറ്റൊരു കോൺ നമുക്ക് കാണാൻ കഴിയുന്നത്. ഗൾഫ് രാഷ്ട്രങ്ങൾക്ക് സമാന്തരമായ ഗതാഗത സംവിധാനങ്ങളും, അംബരചുംബികളായ കെട്ടിട സമുച്ചയങ്ങളുമാണ് പ്രധാന കാഴ്ചയെങ്കിൽ ഞെരുങ്ങി ഹീനമായി നിൽക്കുന്ന ചേരി പ്രദേശങ്ങളാണ് മറ്റൊരു ഭാഗം. അകലങ്ങളിലെ ഇന്ത്യയെക്കുറിച്ച് മൊത്തത്തിലുല്ള ചിത്രം തന്നെ നൽകുന്നുണ്ട് ഓരോ കാഴ്ചയും. ഇക്കണോമിക്സ് ഭാഷയിൽ ഒരുതരം സൈക്കോട്ടമി ഓരോ രംഗവും ഞങ്ങളോട് പറയാതെ പറയുന്നത്.

റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബി.ഐ) വിസിറ്റായിരുന്നു ആദ്യ പരിപാടി. ഷഹീദ് ഭഗവത്സിങ്ങ് റോഡിലുള്ള ഹെഡ്ക്വാർട്ടേഴ്സ് തന്നെയായിരുന്നു വസതി. സാമ്പത്തിക ശാസ്ത്ര വിദ്യാർത്ഥികളെ സംബന്ധിച്ചിടുത്തോളം ആർ.ബി.ഐ. സന്ദർശിച്ചിരിക്കേണ്ട സ്ഥാപനം തന്നെയാണെന്ന് അപ്പഴാ തോന്നിയത്. കാരണം, ഓരോ ഇക്കണോമിക്സ് വസ്തുതയിലും ആർ.ബി.ഐ.യുടെ ധർമ്മം പ്രത്യക്ഷമായോ, പരോക്ഷമായോ ഒളിഞ്ഞ് കിടക്കുന്നു! ഹൈവേ റോഡിന്റെ ഏറ്റവും അടുത്താണ് ആർ.ബി.ഐയുടെ നിൽപ്പ്. അതിശക്തമായ സെക്യൂരിറ്റി ഒരു ഫോട്ടോ ക്ലിക്കിനുപോലും. അറിയാതെ പോലും ഞാനൊരു ഫോട്ടോ എടുത്തപ്പോൾ പോലീസ് ഉടൻ തന്നെ ഫോൺ വാങ്ങി ഡിലീറ്റാക്കി കളഞ്ഞു. ഇത്രയൊക്കെ വേണോ എന്ന് തോന്നിപ്പോകും! പൂർണ്ണമായ ദേഹപരിശോധനകൾക്ക് ശേഷമാണ് കോൺഫറൻസ് ഹാളിലേക്ക് കടത്തിയത്. ആർ.ബി.ഐ. ഗവർണ്ണറുമായി സംവദിക്കാൻ കഴിഞ്ഞില്ലെങ്കിലും മോണിറ്ററി വിഭാഗത്തിലെ മാനേജറുമായും അസിസ്റ്റന്റുമായും മണിക്കൂറുകൾ സംവദിച്ചു. ഇക്കണോമിക്സിലെ പി.ജി. വിദ്യാർത്ഥികളെന്ന നിലയിൽ ബഹുമാനപൂർവ്വമായ സമീപനമാണ് അവരിൽ നിന്നും കിട്ടിയത്. ആർ.ബി.ഐ. നാൾവഴികൾ, ഫിനാൻഷ്യൽ പ്രിക്കോഷൻസ് (മുൻകരുതൽ) തുടങ്ങി ഡോക്യുമെന്ററികളിലൂടെ RBI യെക്കുറിച്ച് ചെറിയൊരു ചിത്രം ഞങ്ങളുടെ മനസ്സിലേക്ക് പകർത്തി. തിയറികളിൽ, നിന്നും വ്യത്യസ്തമായി പ്രാക്ടിക്കലിൽ എങ്ങിനെയാണ് എന്ന ആമുഖത്തോടെയായിരുന്നു അവരുടെ വിവരണം തുടങ്ങിയത്. പണത്തിന്റെ അച്ചടിയെക്കുറിച്ചും, പണപ്പെരുപ്പത്തെക്കുറിച്ചും ചില ചോദ്യങ്ങൾ കൂടുതൽ ചർച്ച ചർച്ച ചെയ്യപ്പെട്ടു. PG വിദ്യാർത്ഥികളെന്ന നിലയിലായിരിക്കണം. ചോദ്യങ്ങൾക്ക് കൂടുതൽ അവസരം നൽകാതിരുന്നത്.

ആർ.ബി.ഐ. മ്യൂസിയം സന്ദർശനമായിരുന്നു രണ്ടാമത്തെ സെഷൻ. ബാർട്ടർ സിസ്റ്റം മുതൽ, രാജഭരണം, ബ്രിട്ടീഷ് ഭരണം തുടങ്ങി കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന പണത്തിന്റെ ഉപാധികളുടെ അമൂല്യമായ ശേഖരം തന്നെയുണ്ട് റിസർവ്വ് ബാങ്ക് മ്യൂസിയത്തിൽ. എക്സ്ചേഞ്ച് റേറ്റ് സിസ്റ്റം ഇല്ലാതിരുന്ന കാലഘട്ടത്തിൽ അന്താരാഷ്ട്ര ഇടപാടുകൾക്ക് ഉപയോഗിച്ചിരുന്ന എഴുത്തുകൾ സാമ്പത്തിക ശാസ്ത്രത്തിൽ ഇന്ന് കൈവച്ചിരിക്കുന്ന ഒരാസാധാരണമായ മാറ്റത്തിന്റെ വലിയൊരു ചരിത്രം ഞങ്ങളോട്

പറയുകയായിരുന്നു. ഓരോ കാലഘട്ടത്തിലും ഉപയോഗിച്ചിരുന്ന നാണയങ്ങളുടെ രൂപത്തിലും ഭാവത്തിലും അവരുടെ സംസ്ക്കരണം തന്നെ നമ്മുക്ക് വായിച്ചെടുക്കാൻ കഴിയും. അണ പൈസ ഞങ്ങൾ ഉപയോഗിച്ച ഒരു പൈസ അഞ്ച് പൈസയുടേയും ശേഖരം മുതൽ 100 രൂപയുടെ കോയിൻ വരെയുള്ള ശേഖരവും നാം അനുഭവിച്ച മാറ്റത്തെ ഓർമ്മിപ്പിച്ചു.

നാല് ദിവസമാണ് മുംബൈയിൽ തങ്ങിയതെങ്കിലും വലിയ ചിലവ് കൂടിയ ജീവിതമാണ് ഇവിടം എന്നാണ് എനിക്ക് തോന്നിയത്. കാരണം ആദ്യ ദിനംതന്നെ ഉച്ചയ്ക്ക് 26 പേരുടെ ഊണിന് ചിലവായത് ഒരാൾക്ക് 153 രൂപയിലധികം. സാധാരണക്കാർക്ക് ഇവിടം ജീവിക്കാൻ പ്രയാസമാണെന്ന് പറയുമ്പോൾ ഇവിടം 40 രൂപയ്ക്കും ബിരിയാണി കിട്ടുന്ന സ്ഥലം ഉണ്ടെന്ന് പറഞ്ഞാണ് ശ്യാം സർ എന്നെ തിരുത്തിയത്. ഹോട്ടലിൽ നിന്നും പോകുന്ന സമയം അവിടെ കണ്ട്

യു.പിക്കാരനായ സപ്ലയറോട് ജിജ്ഞാസയ്ക്ക് അദ്ദേഹത്തിന്റെ ദിവസക്കൂലി ചോദിച്ചു. ദോ സൗ റുപിയേ. അദ്ദേഹം പറഞ്ഞു. എന്താ നമ്മുടെ കേരളത്തിലെ അവസ്ഥ 250 രൂപയിൽ കുറവ് ശമ്പളം ഏതെങ്കിലും ഹോട്ടലിൽ ഉണ്ടാവുമോ എന്ന് ചിന്തിച്ചുപോയി.

ബാന്ദ്റാ, കുർല-കോംപ്ലക്സുകളിലെ സെബിയുടെ ചിത്രവും, ദലാൽ സ്ട്രീറ്റിലുള്ള ബോംബൈ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ കിടപ്പും, ബോംബെയെ ശരിക്കും ഇന്ത്യയുടെ വ്യാവസായിക തലസ്ഥാനമെന്ന് വിളിച്ച് പറയുന്നത് പോലെ തോന്നും. ഗതാഗത തിരിക്കിനിടയിലും ബി.എസ്.ഇയുടെ വലിയ സ്ക്രീനിൽ മാറിമറിുന്ന വിവരങ്ങളെ ആകാംക്ഷപൂർവ്വം നോക്കി നിൽക്കുന്ന ഒരുപാട് ഒഫീഷിയൽസിനെ കാണാൻ കഴിയും.

നാനാഭാഗത്തും സെക്യൂരിറ്റി, ദലാൽ സ്ട്രീറ്റിലൂടെ കടന്ന് പോവുമ്പോൾതന്നെ പോലീസ് ഫോട്ടോ എടുക്കരുതെന്ന് പ്രത്യേകം ഓർമ്മിപ്പിച്ചു. മുംബൈ അറ്റാക്ക് (26/11) ന് ശേഷമാണ് മുംബൈ ഇത്രയധികം അലർട്ട് ആയത് എന്നാണ് ശ്യാം സാറിന്റെ കമന്റ്.

മുംബൈയുടെ മുക്കിലും മൂലയിലും CCTV യും സെക്യൂരിറ്റിയും ഉണ്ടെന്ന് പറയുന്നതാവും ശരി. RBI ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് മാർക്കറ്റ്, താജ് ഹോട്ടൽ, കുർല കോംപ്ലക്സ്, ഗേറ്റ് വേ ഓഫ് ഇന്ത്യ, ഇവയ്ക്ക് മുമ്പിലെല്ലാം നിൽക്കുമ്പോൾ മുംബൈയുടെ പൂമുഖത്ത് നിന്നും വല്ലാത്തൊരു സമ്മർദ്ദപൂർണ്ണമായ രംഗമാണ് നമ്മുക്ക് ഒപ്പിയെടുക്കാൻ കഴിയുക. എല്ലാ റോഡുകളും നല്ല തിരക്കിൽ തന്നെയാണ് പക്ഷെ ഹോൺ മുഴക്കവും, ശബ്ദകോലാഹളവും നിയന്ത്രണവിധേയമാക്കിയിരിക്കുന്നു. അൻവർസാറിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ സൊകോൾഡ് കെഡിറ്റ് ഓഫ് മുംബൈ പോലീസ്! എന്തൊക്കെ തന്നെയായാലും ടാക്സി ഡ്രൈവേഴ്സിന് മുംബൈയിൽ ജീവിക്കാൻ പ്രയാസം തന്നെയാ എന്നാണ് തോന്നുന്നത്. റോഡ് സൈഡുകളിൽ നിൽക്കുന്ന പോലീസ് കൈക്കൂലിക്ക് കാത്തു നിൽക്കുന്നതാണെന്ന് പറയേണ്ടി വരും. കാരണം മൂന്ന് ദിവസങ്ങളിലായി മൂന്നായിരത്തോളം രൂപയാണ് റസീപ്റ്റൊന്നുമില്ലാതെ ഈടാക്കിയത്!

നമ്മുടെ നാട് പോലെ തന്നെ ഇവിടെയും കാണാം കൈനീട്ടിക്കൊണ്ട് നമ്മുടെ അടുത്തു വരുന്ന യാചകർ, അവരുടെ ഭാഷ ഹിന്ദി എന്നതൊഴിച്ചാൽ ഒരു പക്ഷെ ഇവരായിരിക്കും പണത്തിന്റെ മൂല്യം ഏറ്റവും കൂടുതൽ അറിയുന്നവർ, ഒരു രൂപാകൊണ്ട് മറ്റൊരു രൂപാ ചേർത്ത് മൂല്യങ്ങളെ സ്വപ്നം കാണുന്നവർക്കല്ലെ പണത്തിന്റെ മൂല്യം ശരിക്കും അറിയുക! പക്ഷെ, ശാസ്ത്ര സാങ്കേതിക വിദ്യയുടെ പുരോഗമനത്തിന്റെ നിഗമനമെന്നപോലെ നമ്മിൽ പണം വല്ലാണ്ട് കുമിഞ്ഞ് കൂടിയപ്പോൾ നമ്മുക്ക് പണത്തിന്റെ മൂല്യം അറിയാതെ പോവുന്നു. കഴിഞ്ഞ ആഴ്ച മെഡിക്കൽ ഷോപ്പിൽ നിന്നും 1400 രൂപ കൊടുത്ത് രണ്ട് ഫെയിസക്രീം വാങ്ങിക്കുന്നത് കണ്ട ആ സുഹൃത്തിനെ ഞാൻ ഓർത്തു പോയി.

ലൊനേവാലയിലെ യാത്ര,

എലിഫെന്റ് കേവിലേക്കുള്ള മണിക്കുറുകളോളമുള്ള ബോട്ടിംഗ് യാത്രയും ഞങ്ങളുടെ ബോംബെ ഡയറിയിലെ ത്രില്ലേകിയ രംഗങ്ങളാണ് ഇന്ത്യൻ പുരാവസ്തു ശാസ്ത്രത്തിന്റെ ശാസ്ത്രതിന്റെ നിരീക്ഷണത്തിലുള്ള എലിഫെന്റ് കേവ് കാണേണ്ടതു തന്നെയാണ്. പ്രാചീന കാലഘട്ടത്തിലെ ശിലകളാൽ കൊത്തിയെടുത്ത ബിംബങ്ങളാണ് കോട്ടയ്ക്കുള്ളിൽ പടിപടിയായുള്ള കേവിന്റെ രൂപമാണ് ഏറ്റവും ആകർഷണീയം. യുനെസ് കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടിയ പൂർവ്വ സ്വത്ത് കൂടിയാണ് എലിഫെന്റ് കേവ്. ആർട്ടിഫിഷ്യലായ കാഴ്ചകളാണ് മൂംബൈ യെ കൂടുതൽ ആകർഷണീയമാക്കുന്നതെങ്കിലും ലൊനേവാലയിലെ പ്രകൃതിയുടെ മനോഹാരിത സഞ്ചാരികളെ ആകർഷിക്കുന്നവയാണ്. എക്സ്പ്രസ് ഹൈവേയിലുള്ള യാത്രാനുഭൂതി എന്നാണ് നമ്മുടെ നാട്ടിലും കിട്ടുക?

ഐ.ടി.ഐ.യുടെ അതി സജീവമായ ക്യാമ്പസ് അന്തരീക്ഷം ശരിക്കും ആസ്വദിക്കാനുള്ള അവസരമായിരുന്നു ഐ.ടി. ബോംബെയിൽ കിട്ടിയ താമസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനം എന്ന് പറയുന്നതിലുപരി ഒരു സമൂഹം എന്ന് വിശേഷിക്കുന്നതാവും ഐ.ഐ.ടി ബോംബെയ്ക്ക് ചേരുക. ക്യാമ്പസിൽ രാവെന്നോ പകലെന്നോ വ്യത്യാസമില്ലാത്ത സജീവ സ്ഥിതി. നാല് ദിവസം അവിടെ താമസിച്ചിട്ടും ഒരു വിദ്യാർത്ഥിയും അവിടെ പഠിക്കുന്ന അവരുടെ ആധികാരികതയോടെ ഞങ്ങളെ ചോദ്യം ചെയ്തില്ലാ. നീയെന്താ ഇവിടെ ? എവിടുന്ന് വരുന്നു ? ഇത് ഞങ്ങളുടെ ക്യാമ്പസാ തുടങ്ങി സാധാരണ ക്യാമ്പസുകളിൽ പോയാലുണ്ടാവുന്ന ദുരനുഭവമോ കോപ്രായത്തരമോ ഉണ്ടായില്ല. മറിച്ച് കൃത്യ നിഷ്ഠതയുടേയും തീവ്രപരിശീലനത്തിന്റെയും കഥകളാണ് ഞങ്ങൾ ബോംബെ ഐ.ടി.ഐടിയിൽ നിന്നും വായിച്ചെടുത്തത്. ഏതൊരു ക്യാമ്പസും പിൻപറ്റേണ്ടുന്ന മാതൃക.

TISS, IGIDR തുടങ്ങി ക്യാമ്പസ് വിസിറ്റും ഒരു ക്യാമ്പസിന്റെ അന്തരീക്ഷം എന്താണെന്ന് ആവർത്തിക്കുകയായിരുന്നു എന്ന് വേണം പറയാൻ. ഐ.ഐ.ടിയിലേയും, ടിസിലേയും, ഇന്ദിരാഗാന്ധി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേയും സുഹൃത്തുക്കൾ ഇനി ഞങ്ങളുടെ സൗഹൃദത്തിന് വിശാലത പകരും കൂടാതെ ഞങ്ങൾക്കൊരു പ്രചോദനവും കൂടിയാണ്.

ഏതൊരു മനുഷ്യന്റേയും പക്വത നിർണ്ണയിക്കുന്നതിൽ ജീവിതാനുഭവങ്ങളും അവയിൽ നിന്നുള്ള പാഠങ്ങളും സ്വാധീനിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ഈ ബോംബൈ യാത്രയ്ക്ക് നാളെയാണ് ചിലത് പറയാനുണ്ടാവും.





**Dr. A.M. UNNIKRISHNAN**
Academic Co-ordinator,
Department of Malayalam

# ആരായിരുന്നു വള്ളത്തോൾ?

ആരായിരുന്നു വള്ളത്തോൾ എന്ന ചോദ്യത്തിന് ഒരു ഉത്തരം മാത്രം മതിയാവുകയില്ല. സ്ഥാപനവും പ്രസ്ഥാനവും ഒക്കെയായി വളർന്ന ഒരാസാധാരണവ്യക്തിത്വപ്രതിഭാസം എന്നു പറഞ്ഞ് വേണമെങ്കിൽ നമുക്ക് രക്ഷപ്പെടാൻ ശ്രമിക്കാം. എന്നാൽ അദ്ദേഹത്തിന്റെ അനവധിസവിശേഷഭാവങ്ങളെ സൂക്ഷ്മമായി കണ്ടറിയുന്ന ഏതൊരാളും അദ്ഭുതപരതന്ത്രനാവുകതന്നെച്ചെയ്യും.

മലബാറിലെ വെട്ടത്തുനാട്ടിൽ, അതേ, 'പുതുമലയാണ്മതൻ മഹേശ്വരൻ' എന്നു താൻ സ്തുതിച്ച തുഞ്ചത്തെഴുച്ഛൻ പിറന്ന അതേ നാട്ടിൽത്തന്നെ, 1878 ഒക്ടോബർ 16-ാം തീയതി കൊണ്ടയൂരിലെ കുട്ടിപ്പാറുവമ്മയുടെയും കടുങ്ങോട്ടു മല്ലിശ്ശേരി ദാമോദരൻ ഇളയതിന്റെയും മകനായിട്ടാണ് വള്ളത്തോൾ നാരായണമേനോൻ ജനിച്ചത്. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം സംസ്കൃതത്തിൽ സാമാന്യമായ പാണ്ഡിത്യവും ആയുർവ്വേദത്തിൽ അവശ്യംവേണ്ട വൈദഗ്ദ്ധ്യവും നേടി. നാട്ടുവൈദ്യനാകണം എന്നായിരുന്നു മോഹം. കവിതാരചനയിലും നാടകാഭിനയത്തിലും കുട്ടിക്കാലത്തേ കമ്പമായിരുന്നു. ഇവയ്ക്കെല്ലാം അച്ഛന്റെ പ്രോത്സാഹനം വേണ്ടുവോളം കിട്ടിയിരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ 'കിരാതശതകം' എന്ന ആദ്യകവിത രചിച്ചു. പതിനഞ്ചു വയസ്സായപ്പോൾ അത് അച്ചടിക്കപ്പെട്ടു. തുടർന്ന് അന്നത്തെ പ്രമുഖമായ ആനുകാലികപ്രസിദ്ധീകരണങ്ങളിൽ വള്ളത്തോൾക്കവിതകൾ പ്രത്യക്ഷപ്പെട്ടു. അക്ഷരശ്ലോകം, നിമിഷകവനം, സമസ്യാപൂരണം, വായനശാലാ

പ്രവർത്തനം, നാടകാഭിനയം എന്നിവയായിരുന്നു ഒഴിവു സമയവിനോദങ്ങൾ. 1894-ൽ ഭാഷാപോഷിണിസഭയുടെ കവിതാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയതോടെ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പുന്നശ്ശേരി നീല കണ്ഠശർമ്മ എന്നീ മുതിർന്ന കവികൾക്കൊപ്പം പരിഗണന ലഭിച്ചുതുടങ്ങി. ഇതോടെ, കവിയായാൽ തുഞ്ചത്തെഴു ത്തച്ഛനെപ്പോലെ 'യുഗകൃത്യ ങ്ങൾ ഏറ്റെടുക്കേണ്ട ആചാ ര്യനാകണം' എന്ന വിശ്വാസം അദ്ദേഹത്തിൽ രൂഢമൂലമായി. തുടർന്ന് 'ഇരുളിൽ മയങ്ങിയ ലോകത്തെ ഉണർത്തുക' എന്നതായി വള്ളത്തോളിന്റെ ജീവിതദൗത്യം.

എന്നാൽ ഒട്ടുംതന്നെ സുഖ പ്രദമായിരുന്നില്ല വള്ളത്തോ ളിന്റെ വ്യക്തിജീവിതം. ദൗർഭാഗ്യത്തിന്റെയും ദാരിദ്ര്യ ത്തിന്റെയും പ്രഹരങ്ങൾ അദ്ദേഹം നിരന്തരം ഏറ്റുവാ ങ്ങിക്കൊണ്ടിരുന്നു. കൗമാരം പിന്നിട്ടതോടെ അമ്മയും അച്ഛനും അമ്മാവനും അന്ത രിച്ചു. കുടുംബത്തിന്റെ ഉത്ത രവാദിത്വം മുഴുവൻ സ്വന്തം ചുമലിലായി. ഇരുപത്തിയേഴാ മത്തെ വയസ്സിൽ വള്ളത്തോൾ ബധിരനുമായി. എങ്കിലും,

> ആപത്തു ഭാവിയിലിരിക്കുവ
> തായ
> ഭാഗ്യദീപത്തിനുള്ള നിഴലാ
> ണഴലായ്കതിങ്കൽ

എന്ന് കവി വിശ്വസിച്ചാശ്വ സിച്ചു. എന്നു മാത്രമല്ല, ഇന്ദ്രിയഗോചരമായ പ്രകൃ തിസൗന്ദര്യത്തെ ആവുന്നത്ര ആസ്വദിക്കാൻ ശ്രമിച്ച പ്രകൃ ത്യാസ്വാദകനും പ്രകൃത്യാരാ ധകനുമായ വള്ളത്തോൾ

> പ്രപഞ്ചമേ, നീ പല ദുഃഖ
> ജാലം
> തികഞ്ഞതാണെങ്കിലുമിത്ര
> മാത്രം
> ചേതോഹരക്കാഴ്ചകൾ
> നിങ്കലുള്ള
> കാലത്തു നിൻപേരിലെവൻ
> വെറുക്കും?
> എന്നും ഉറച്ചുവിശ്വസിച്ചു.

കവിത എഴുതിയതുപോലെ തന്നെ സംസ്കൃതകവിത കൾ വിവർത്തനം ചെയ്തും മലയാളസാഹിത്യത്തിനു ബൃഹത്തായ സംഭാവനകൾ നല്കിയിട്ടുണ്ട് വള്ളത്തോൾ. മുപ്പത്തൊന്നാമത്തെ വയ സ്സിൽ വാല്മീകിരാമായണം തർജ്ജമ പുറത്തുവന്നതോ ടുകൂടി അദ്ദേഹത്തെ കേരള വാല്മീകി എന്ന് ജനങ്ങൾ വാഴ്ത്തി. ആ ഭാഷാന്തരീ കരണസപര്യ എഴുപത്തി യേഴാമത്തെ വയസ്സിൽ ഋഗ്വേദപരിഭാഷയിലാണ് പ ര്യവസാനിച്ചത്. ഈ തർജ്ജ മകളും ഗാഢമായ പുരാ ണപരിചയവുംകൊണ്ട് ഭാരതത്തിന്റെ മഹിതമായ പൗരാണികസംസ്കൃതി അദ്ദേഹത്തിന്റെ ജീവരക്ത ത്തിൽ അലിഞ്ഞുചേർന്നു. ഭാരത-കേരളസംസ്കൃതി കളിലുള്ള അഭിനിവേശവും ദേശാഭിമാനബോധവും വള്ളത്തോൾക്കവിതയുടെ മുഖ്യചാലകശക്തികളാണ്. ഭാരതീയമായ വൈഭവങ്ങ ളുടെ അഭിവൃദ്ധിക്കുവേണ്ടി ധർമ്മസമരം ചെയ്യുന്ന മഹാ വ്യക്തികളെയും അവർക്കു മാതൃകയായ പുരാണക ഥാപാത്രങ്ങളെയും വിഷ യമാക്കി വള്ളത്തോൾ നിര ന്തരം കവിതകൾ രചിച്ചത് ഇതിന്റെ ഫലമായാണ്. 1914-ൽ 'ചിത്രയോഗം' മഹാ കാവ്യം രചിച്ചതോടെ മഹാ കവി എന്നു വിളിപ്പെട്ട വള്ള ത്തോൾ തന്നെയാണ് മറ്റു ഭാരതീയഭാഷകളിലെ സമു ന്നതകവികളെപ്പോലെ നവോ ത്ഥാനസംസ്കാരവും ദേശീ യബോധവും മലയാളത്തിൽ ജ്വലിപ്പിച്ചത്. ഭാരതത്തിന്റെ പൂർവകാലമഹിമയിൽ അഭിമാ നിച്ചും വർത്തമാനകാലദുരവ സ്ഥയിൽ പരിതപിച്ചും ഭാവി യിൽ സാക്ഷാത്കരിക്കേണ്ട ആദർശങ്ങളിൽ അഭിരമിച്ചും കൊണ്ട് എണ്ണമറ്റ കവിതകളെ ഴുതി ദേശാഭിമാനത്തെ ഉദ്ദീപി പ്പിച്ച മലയാളത്തിലെ ഏറ്റവും വലിയ കവിയും വള്ളത്തോൾ തന്നെ. സാഹിത്യമഞ്ജരി മൂന്നാം ഭാഗം പുറത്തുവന്നതി നെത്തുടർന്ന് കേരളത്തിന്റെ ദേശീയകവി എന്ന പദവിയും അദ്ദേഹത്തിനു സ്വന്തമായി.

> ഭാരതമാണെന്റെ ജന്മഭൂവാ
> ശ്ശമ-
> ധീരരൃഷിശ്രേഷ്ഠരെൻ
> പ്രപിതാമഹർ
> ബോധാർക്കരശ്മ്യങ്കുരങ്ങളു
> പനിഷദ്
> ഗീതകളെന്നെന്നുമെൻ കുല
> വിദ്യകൾ
> (നമ്മുടെ മറുപടി)
> എന്ന പരമാദരണീയമായ
> തിരിച്ചറിവാണ്,
> ഭാരതമെന്ന പേർകേട്ടാലഭി

മാനപൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ
തിളയ്ക്കണം ചോര നമുക്കു
ഞരമ്പുകളിൽ
(ചോര തിളയ്ക്കണം)

എന്ന് ആഹ്വാനം ചെയ്യാൻ കവിയെ പ്രേരിപ്പിച്ചത്. മലയാളത്തിൽ ആദ്യമായി ദേശീയഗാനങ്ങൾ രചിച്ചതും കേരളീയരിൽ ദേശീയവികാരം ഉണർത്തിയതും വള്ളത്തോളാണ്. ഈ നിലയിൽ 1917 മുതൽ മരിക്കുന്നതുവരെ കേരളത്തിലെ ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ജിഹ്വയായിട്ടാണ് വള്ളത്തോൾ ജീവിച്ചത്.

വേദപുരാണേതിഹാസങ്ങളിൽനിന്ന് ഊറിക്കൂടിയ സംസ്കാരവിശേഷമായിരുന്നു വള്ളത്തോളിന്റെ മാനസികഘടനയുടെ മുഖ്യാംശം. മാതൃഭൂമിയോടുള്ള ഭക്തിയാണ് അദ്ദേഹത്തിന്റെ കവിതയ്ക്കു രൂപവും ഭാവവും സമ്മാനിച്ചത്. അതിനാൽ വള്ളത്തോളിന്റെ കർമ്മാവിഷ്കാരങ്ങളിലെല്ലാം ധാർമ്മികബോധവും രാഷ്ട്രീയപ്രവർത്തനവും സമഞ്ജസമായി സമന്വയിക്കപ്പെട്ടു. വാനിൽ പറക്കുന്ന ത്രിവർണ്ണപതാക വാസുദേവവക്ഷസ്സിലെ വനമാലയും ചർക്ക സുദർശനചക്രവുമായി സങ്കല്പിക്കപ്പെടുന്ന മാനസികതലം ഇതാണ്.

അമ്പോ! മഹിമാവിതാർഷ
ഭൂവേ തവ
വൻപോർക്കളത്തിലും
നിഷ്കാമകാഹളം,
വേടക്കുടിലും ബ്രാഹ്മണ്യസ
മ്പത്തി;
വേശത്തെരുവിലും ചാരിത്ര
സൗരഭം!
(കൊച്ചുസീത)

എന്ന് ഇങ്ങനെയുണ്ടായ അഭിമാനബോധത്തിൽനിന്നാണ്,

പൂതമാമോംകാരംപോലെ
ത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യം ലഭിപ്പാനായ്
കരണത്രിതയത്താൽ
സാദരം പ്രയത്നിപ്പിൻ;
സാഫല്യപ്പെടുത്തുവിൻ
സോദരന്മാരേ, നിങ്ങൾ
സാരമാം നരജന്മം!

എന്നും

സ്വർഗ്ഗവും തൃണപ്രായം
നിങ്ങൾക്കു; ജഗത്തിങ്കൽ
മൃഗ്യമായൊന്നേയുള്ളൂ
സ്വാതന്ത്ര്യം,
സാക്ഷാൽമോക്ഷം

(പുരാണങ്ങൾ)

എന്നുമുള്ള യുഗകൃത്യനിർവഹണത്തെസ്സംബന്ധിച്ച ഓർമ്മപ്പെടുത്തലുകൾ ഉണ്ടായത്. സൗന്ദര്യഗായകനായ വള്ളത്തോൾ സ്വാതന്ത്ര്യഗായകൻ കൂടിയാണെന്നതിന്റെ സാക്ഷ്യമാണ് ഈ ഉദ്ബോധനങ്ങൾ. ഇതിന്റെ തുടർച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദർശങ്ങളും പരിപാടികളും കവിതയിലൂടെ പ്രചരിപ്പിക്കുന്ന തലംവരെ വികസിച്ചിട്ടുണ്ട്. അതിനു കാരണം ആ മഹാപ്രസ്ഥാനത്തിന്റെ നായകൻ മഹാത്മാഗാന്ധിയായിരുന്നു എന്നതാണ്. കർമ്മയോഗത്തിന്റെ ആൾരൂപമായ ആ മഹാനുഭാവന്റെ അപദാനങ്ങളെപ്പറ്റി ‘എന്റെ ഗുരുനാഥൻ’ (1922) എന്ന കവിതയിൽ മാത്രമല്ല, വള്ളത്തോൾ പ്രകീർത്തിച്ചിട്ടുള്ളത്.

ആ മഹാപ്രസ്ഥാനത്തോടുള്ള നിർവ്യാജമായ കൂറുകൊണ്ടാണ് താൻ അദ്ധ്യക്ഷനായ സമസ്തകേരളസാഹിത്യപരിഷത്തിന്റെ വാർഷികസമ്മേളനത്തിൽ സംബന്ധിക്കാതെ മദിരാശിയിലും കൊൽക്കത്തയിലും നടന്ന കോൺഗ്രസ് ദേശീയസമ്മേളനങ്ങളിൽ വള്ളത്തോൾ പങ്കെടുത്തത്. അതിനെതിരെ ഉയർന്ന വിമർശനങ്ങൾക്ക് അദ്ദേഹം നല്കിയ ‘ഞാൻ ഒന്നാമതു ഭാരതീയനാണ്; രണ്ടാമതേ കേരളീയനാകുന്നുള്ളൂ’ എന്ന മറുപടി വള്ളത്തോളിന്റെ ദേശീയാഭിമാനബോധത്തിന്റെ ആഴം വ്യക്തമാക്കിക്കൊടുത്തു. ഇതിന്റെ മറ്റൊരു തെളിവാണ് അറസ്റ്റ് ചെയ്തേക്കുമെന്ന ഭീഷണി ഉണ്ടായിരുന്നിട്ടും പയ്യന്നൂർ കോൺഗ്രസ്സമ്മേളനത്തിൽ പങ്കെടുക്കാൻ കാട്ടിയ ചങ്കൂറ്റം.

‘ദീർഘദാരിദ്ര്യവ്യാധിവേദനാഞെരുക്കങ്ങൾ’ അനുഭവിക്കാൻ വിധിക്കപ്പെട്ട പാവങ്ങളുടെ യാതനാഭരിതമായ ജീവിതങ്ങളെ മലയാളകവിതയിൽ ആദ്യമായി വിഷയമാക്കിയതു വള്ളത്തോളാണ്.

പാവങ്ങൾതൻ പ്രാണമരുത്തു
വേണം
പാപപ്രഭുക്കൾക്കിഹ പങ്ക
വീശാൻ

എന്ന് അദ്ദേഹത്തിന്റെ ധാർമ്മികരോഷം പ്രകടമായിട്ടുണ്ട്. ജാതിചിന്ത, മതസ്പർദ്ധ,

അടിമത്തം, യുദ്ധക്കെടുതി കൾ, ദാരിദ്ര്യപീഡ മുതലായ വിഷയങ്ങൾ കവിതയിൽ വിഷയമാക്കാനും അവയ്ക്കെ തിരെ ശക്തമായ ജനവികാരം സൃഷ്ടിക്കാനുംകൂടി വള്ള ത്തോളിനു കഴിഞ്ഞു.

തീണ്ടൊല്ല, തൊടല്ലെന്നു
തങ്ങൾ തങ്ങളെ മൗഢ്യം

പൂണ്ടാട്ടിയോടിക്കുന്ന
ഘോഷമെന്നോളം നില്ക്കും

അന്നോളം ശ്രവിക്കാ
നാമാർഷധർമ്മത്തിൻ ഗാനം

അന്നോളം തിരിച്ചെത്താ
ഭ്രഷ്ടർ നാം സ്വരാജ്യത്തിൽ!

(ഐക്യമേ, സേവ്യാൽ
സേവ്യം)

എന്നതിൽ തൊട്ടുകൂടാ യ്മയ്ക്കും തീണ്ടിക്കൂടാ യ്മയ്ക്കും അടിസ്ഥാനമായ ഭേദവിചാരത്തെ ഭാരതീ യദർശനത്തിന്റെ വെളിച്ച ത്തിൽ നിന്നുകൊണ്ടാണ് വള്ളത്തോൾ എതിർത്തത്. അധർമ്മത്തിനെതിരെ പ റയുക മാത്രമല്ല, പൊരുതുക കൂടി ആവശ്യമാണെന്ന് വള്ള ത്തോൾ വിശ്വസിച്ചിരുന്നു. അതിനാൽ വൈക്കം, ഗുരു വായൂർ സത്യാഗ്രഹങ്ങളോട് ആഭിമുഖ്യം പുലർത്തിയ മഹാകവി ജനകീയാവശ്യം അംഗീകരിക്കപ്പെടുന്നതിനു വേണ്ടി കോഴിക്കോടു സാമൂ തിരിക്ക് ഒരു നിവേദനപ ത്രം സമർപ്പിക്കാനും സന്നദ്ധ നായി.

ചൂഷിതരും മർദ്ദിതരുമായ കീഴാളജനതയോട് അനു ഭാവം പ്രകടിപ്പിച്ച് മലയാള ത്തിൽ ആദ്യമായി കവിത രചിച്ച കവിയും മറ്റാരു മല്ല. കർഷകത്തൊഴിലാളി സംഘടനയ്ക്കോ കമ്മ്യൂ ണിസ്റ്റ് പാർട്ടിക്കോ നാട്ടിൽ വേരോട്ടമുണ്ടാകുന്നതിനു മുൻപുതന്നെ പാട്ടംകുടി യാന്റെ ആധിവ്യാധികളെപ്പറ്റി അദ്ദേഹം ഉച്ചത്തിൽ പാടുക യുണ്ടായി. 1920-കളുടെ തുട ക്കത്തിലേ തൊഴിലാളിപ്രശ്ന ങ്ങൾ വിഷയമാക്കി അദ്ദേഹം കവിതകളെഴുതിയിരുന്നു. പിന്നെയും ഒരു പതിറ്റാണ്ടു പിന്നിട്ടിട്ടാണല്ലോ ഇവിടെ വർഗ്ഗസംഘടനകൾ ഉണ്ടാ യത്. അതും കഴിഞ്ഞ് ഒരു പ തിറ്റാണ്ടിനുശേഷമാണ് ചില രൊക്കെ പടപ്പാട്ടുകൾ രചി ച്ചതും.

മനുഷ്യനോടു മാത്രമല്ല, സമസൃഷ്ടിജാലത്തോടെല്ലാം വള്ളത്തോളിനു ദീനാനുകമ്പ ഉണ്ടായിരുന്നു. അറവുശാ ലയിലേക്ക് ആട്ടിത്തെളി ക്കപ്പെടുന്ന മിണ്ടാപ്രാണി കളെക്കണ്ടു നൊമ്പരപ്പെട്ട കവി, ആ നിഷ്ഠുരകർമ്മം ചെയ്യുന്ന മനുഷ്യന്റെ ദുർവി ധിയോർത്തു സഹതപിച്ചിട്ടു മുണ്ട്:

മിണ്ടുവാനറിയാത്ത മൃഗ
ങ്ങളെ

കൊണ്ടുപോകുന്നു
മർത്ത്യൻ കശാപ്പിനായ്

മർത്ത്യനും ഹാ! തെളിക്ക
പ്പെടുന്നിതു

മൃത്യുവിൻ ചന്തയിലേക്ക
ന്വഹം!

ജന്തുഹത്യ നടത്തി മൃഗ മാംസം ആഹരിക്കണമെന്നു വാശി പിടിക്കുന്നവർ ഈ വരികൾ ശ്രദ്ധിച്ചെങ്കിൽ എത്ര നന്നായിരുന്നു! ഇതിനു പുറമെ,

അതിനിഷ്ഠുരം ജീവിതാഹ
വാഹം-

കൃതിയാലെത്ര ഭയങ്കരം
പ്രപഞ്ചം!

എന്ന് സർവവിനാശകാരി യായ ലോകയുദ്ധത്തിന്റെ പ്രത്യാഘാതത്തെ കേരള ത്തിൽ ആദ്യം കേട്ടറിഞ്ഞതും കേഴ്വിശക്തിയില്ലാത്ത വള്ള ത്തോൾ തന്നെയായിരുന്നു. സ്ത്രീത്വത്തോട് പരമാദരം സൂക്ഷിച്ച അദ്ദേഹം,

സ്ത്രീതന്നെ പരാശക്തി,
സത്തയും

ചിത്തും സ്ത്രീതാൻ
(സ്ത്രീകൾ)

എന്ന് തുറന്നെഴുതാനും മടിച്ചില്ല.

വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടായിരിക്കണ മെന്ന ദൃഢവിശ്വാസക്കാര നായിരുന്നു മഹാകവി വള്ള ത്തോൾ. ഇതിനു തെളിവായി രണ്ടുദാഹരണങ്ങൾ ചൂണ്ടി ക്കാണിക്കട്ടെ. വെയിൽസ് രാജകുമാരൻ വച്ചുനീട്ടിയ പട്ടും വളയും നിരസിച്ചതാണ് ഒന്നാമത്തെ സംഭവം. ജാലി യൻവാലാ ബാഗിലെ പൈ ശാചികമായ മനുഷ്യക്കുരുതി കഴിഞ്ഞ് ഭാരതം സ്വാതന്ത്ര്യ സമരച്ചൂളയിൽ വെന്തുരു കുന്ന കാലമായിരുന്നു അത്. സ്വാതന്ത്ര്യബോധവും സാമ്രാ ജ്യത്വവിരോധവും കവിത

യിൽമാത്രം പോരാ എന്നും പ്രവൃത്തിയിൽക്കൂടി ഉണ്ടായിരിക്കണമെന്നും ബോദ്ധ്യപ്പെടുത്തുകയായിരുന്നു ഇതിലൂടെ അദ്ദേഹം ചെയ്തത്. താൻ മുൻകൈയെടുത്തു സ്ഥാപിച്ച കേരളകലാമണ്ഡലത്തിനു ചില സൗജന്യങ്ങൾ ചെയ്യാൻ സാമൂതിരിയായ വിദ്വാൻ ഏട്ടൻ തമ്പുരാൻ തയ്യാറായപ്പോൾ അതിനെ വിലക്കിയതാണ് മറ്റൊന്ന്. 'ആരുടെയും ഒത്താശ കൂടാതെ സ്വപ്രയത്നത്താൽത്തന്നെ ജീവിക്കാറാകണമെന്നാണ് ആഗ്രഹം' എന്നത്രേ അതിന് അദ്ദേഹം നല്കിയ വിശദീകരണം. കലയ്ക്കും സാഹിത്യത്തിന്നും വേണ്ടി ഭിക്ഷാപാത്രവുമായി ദേശാടനം നടത്തുകയും തന്റെയും മറ്റുള്ളവരുടെയും പുസ്തകങ്ങൾ തലയിലേറ്റി വീടുവീടാന്തരം കൊണ്ടുനടന്നു വില്ക്കുകയും ചെയ്ത വള്ളത്തോളാണ് ഇങ്ങനെ പ്രവർത്തിച്ചതെന്ന് ഓർക്കണം. ജീവിതം മുഴുവൻ സാമ്പത്തികപ്രയാസത്തിൽപ്പെട്ടു നട്ടംതിരിഞ്ഞിട്ടും അഭിമാനം പണയപ്പെടുത്താൻ അദ്ദേഹം ഒരിക്കലും തയ്യാറായില്ല. തറവാട്ടുസ്വത്തിൽനിന്നുപോലും ഭാഗം സ്വീകരിക്കാത്ത ആ കർമ്മയോഗി സ്വന്തം അദ്ധ്വാനംകൊണ്ടു മാത്രമാണ് ജീവിതം നയിച്ചത്. ജോലി കവിതയെഴുത്താണെന്ന് അഭിമാനത്തോടും ആത്മവിശ്വാസത്തോടുംകൂടി ആദ്യമായിപ്പറഞ്ഞ വള്ളത്തോളാണ് സാഹിത്യരചനയെ ഒരു ജീവിതമാർഗ്ഗമാക്കാമെന്നു കേരളീയരെ പഠിപ്പിച്ചതും. എന്നുമാത്രമല്ല, പ്രയത്നത്തിന്റെ ഫലമായി ഉണ്ടാകുന്ന കവിതയ്ക്ക് അർഹമായ പ്രതിഫലത്തിന് അവകാശമുണ്ടെന്നു സ്ഥാപിച്ചതും അദ്ദേഹം തന്നെ.

ഇപ്രകാരം വളരെ ക്ലേശിച്ചു സമ്പാദിച്ച ധനമാകട്ടെ, മക്കൾക്കു വേണ്ടിയല്ല വള്ളത്തോൾ വിനിയോഗിച്ചത്; തന്റെ മാനസസന്താനമായ കലാമണ്ഡലത്തിനുവേണ്ടിയാണ്. ഇന്നു മുഖ്യമായും കഥകളിയുടെ പേരിലാണ് കലാമണ്ഡലം അറിയപ്പെടുന്നതെങ്കിലും, അതിന്റെ സ്ഥാപനത്തസ്സംബന്ധിച്ച് മഹാകവിക്ക് കൂടുതൽ വിശാലമായവീക്ഷണമാണ് ഉണ്ടായിരുന്നത്. കഥകളിക്കു പുറമെ, നാടകം, ചാക്യാർകൂത്ത്, തുള്ളൽ, മോഹിനിയാട്ടം തുടങ്ങിയ ദൃശ്യകലകൾക്കും സംഗീതത്തിനും സാഹിത്യത്തിനും ചിത്രരചനയ്ക്കും വാദ്യകലകൾക്കുംകൂടി കലാമണ്ഡലത്തിൽനിന്ന് അഭിവൃദ്ധി പ്രാപിക്കാൻ കഴിയണം എന്നാണ് അദ്ദേഹം പ്രത്യാശിച്ചത്. കലകളിലൂടെയും ഭാരതത്തിന്റെ ഏകാത്മകത പരിപോഷിപ്പിക്കുവാനും പരിരക്ഷിക്കുവാനും കഴിയുമെന്ന് ടാഗോറിനെപ്പോലെ വള്ളത്തോളും മനസ്സിലാക്കിയിരുന്നു. ഈ അറിവാണ് ഉന്നതവിദ്യാഭ്യാസം ഇല്ലാതിരുന്നിട്ടും വിദ്യാഭ്യാസവിചക്ഷണനാകാൻ വള്ളത്തോളിനെ സഹായിച്ചത്. ഇതുപോലെ പ്രധാനമാണ്, കേരളപ്പിറവിക്കു മുൻപുതന്നെ ഏകകേരളം എന്ന ശക്തമായ വികാരം കേരളീയരിൽ ജനിപ്പിച്ച വള്ളത്തോളിന്റെ സേവനവും.

ശൃംഗാരം, വാത്സല്യം, ദേശാഭിമാനം എന്നീ ഭാവങ്ങൾ ആവിഷ്കരിക്കുമ്പോഴാണ് വള്ളത്തോൾക്കവിതയുടെ ശക്തിസൗന്ദര്യങ്ങൾ ഏറ്റവും സമുജ്ജ്വലമായിത്തീരുന്നതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ധന്യമായ ദാമ്പത്യം നയിച്ച വള്ളത്തോൾ പല കവിതകളിൽ ഗൃഹസ്ഥാശ്രമത്തിന്റെ ചാരുത വർണ്ണിച്ചിട്ടുണ്ട്. ജീവിതത്തിലെ സമസ്താനുഭവങ്ങളിലും വ്യാമുഗ്ധനായിരുന്നു നമ്മുടെ മഹാകവി. ബ്രഹ്മാവ് ഒരു കൈയിൽ സന്മാർഗ്ഗവും ഒരു കൈയിൽ കലയും വച്ചുകൊണ്ട് 'ഏതെങ്കിലും ഒന്നെടുക്കൂ' എന്നു പറഞ്ഞാൽ, 'ഞാൻ കലയാണു സ്വീകരിക്കുക' എന്നു വെളിപ്പെടുത്തിയതിൽനിന്നു വള്ളത്തോളിന്റെ ജീവിതസമീപനം വ്യക്തമാണ്. ഈ സമീപനം തന്നെയാണ്,

> മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറും
> കൈവാളിളക്കത്തിലും
> മാനഞ്ചും മിഴിതൻ മനോരമണനിൽ
> ചായുന്ന കൺകോണിലും
> സാനന്ദം കളിയാടീടുന്ന ശിശുവിൻ
> തൂവേർപ്പണിപ്പൂങ്കവിൾ
> സ്ഥാനത്തും നിഴലിച്ചു കാണ്മു കവിതേ,
> നിൻ മഞ്ജുരൂപത്തെ ഞാൻ

എന്ന ശ്ലോകത്തിൽ അദ്ദേഹം ഭംഗ്യന്തരേണ അവതിരിപ്പിക്കുന്നതും.

ദാരിദ്ര്യദുരിതങ്ങളും മറ്റു പരാധീനതകളും അലട്ടിയിരുന്നെങ്കിലും അപകർഷബോധം തൊട്ടുതീണ്ടാത്ത മനസ്സായിരുന്നു വള്ളത്തോളിന്റേത്. എന്നല്ല, ഏതു മഹാനെയും സമശീർഷനായിട്ടുമാത്രം കാണാനുള്ള ആത്മവിശ്വാസത്തികവും അദ്ദേഹത്തിനുണ്ടായിരുന്നു. പ്രധാനമന്ത്രിയോടും ഗവർണ്ണറോടുമൊക്കെ തുല്യനിലയിൽ പെരുമാറിയ പല സംഭവങ്ങളുണ്ട് ആ ജീവിതത്തിൽ. അതിർത്തികൾക്കപ്പുറത്തുനിന്ന് മലയാളത്തിന് ആദരവും അംഗീകാരവും കൈവരാൻ ഇടയാക്കിയവരിലും പ്രാതഃസ്മരണീയൻ മഹാകവി വള്ളത്തോൾ തന്നെയാണ്. മലയാളവും സംസ്കൃതവുമല്ലാതെ മറ്റൊരു ഭാഷയും അറിയാത്ത, ബധിരനും വയോവൃദ്ധനുമായ വള്ളത്തോൾ ദൽഹിയിലും കൊൽക്കത്തയിലും മോസ്കോയിലും പീക്കിങ്ങിലും പാരീസിലുമൊക്കെ മലയാളത്തിൽ സംസാരിക്കുകയും കവിത വായിക്കുകയും ചെയ്തപ്പോൾ ഉണ്ടായ അനുഭവങ്ങൾ ഇതു തെളിയിക്കുന്നു.

മലയാളകവിതാചരിത്രത്തിൽ വള്ളത്തോൾ അവശേഷിപ്പിക്കുന്നതെന്ത്? ഒരർത്ഥത്തിൽ ഇതാണ് ഏറ്റവും പ്രസക്തമായ ചോദ്യം; പ്രധാനവും. ഒറ്റവാക്യത്തിൽ പറഞ്ഞാൽ, തുഞ്ചത്തെഴുത്തച്ഛനുശേഷം തത്തുല്യമായ ഒരു മഹാദൗത്യം നിറവേറ്റിയ മഹാകവി. ഇതാണ് അതിന്റെ ഉത്തരം. എഴുത്തച്ഛൻ ഭഗവദ്ഭക്തിയിലൂടെ സാധിച്ച സാമൂഹികോത്തരവാദിത്വം വള്ളത്തോൾ വീരരസാത്മകമായ ദേശഭക്തിയിലൂടെ നിർവഹിച്ചു എന്ന വ്യത്യാസമേയുള്ളൂ. എഴുത്തച്ഛന്നും ചെറുശ്ശേരിക്കുംശേഷം ആ പൂർവകവികൾ ഉപയോഗിച്ച കേകയും കാകളിയും മഞ്ജരിയും മറ്റുമായ ദ്രാവിഡവൃത്തങ്ങളെ മലയാളകവിതയിലേക്കു ഹൃദയഹാരിയായി പ്രത്യാനയിച്ചതും വള്ളത്തോളാണ്.

സാഹിത്യമഞ്ജരിയിലൂടെ മഹാകവി വള്ളത്തോൾ ഉദ്ഘാടനം ചെയ്ത ഒരു കാവ്യഘടനയുണ്ട്. അത് ലഘുകവനങ്ങളുടെ സമാഹാരം അവതരിപ്പിക്കുന്ന ഗ്രന്ഥസ്വരൂപമാണ്. വള്ളത്തോളിനെത്തുടർന്ന് മലയാളകവിതയിൽ ഇന്നും നിലനില്ക്കുന്നത് ഇതേ സമ്പ്രദായം തന്നെ. ഭാവരൂപങ്ങളിൽ തുല്യപ്രാധാന്യമുള്ള ആ കവിതകൾ നാടകീയത തികഞ്ഞവയും ശില്പകലാവൈദഗ്ധ്യത്തിനു നിദർശനങ്ങളുമാണ്. ഖണ്ഡകൃതികളിലൂടെ വള്ളത്തോൾ അവതരിപ്പിച്ച കാവ്യമാതൃകയുടെ കാര്യവും വ്യത്യസ്തമല്ല. ഈ പരിവർത്തങ്ങൾക്കു നേതൃത്വം നല്കിയ കവിയാവുകയാൽ, വള്ളത്തോൾ ഭാവിതലമുറകൾക്കും മാർഗ്ഗദർശിയായി. മലയാളം ദർശിച്ച ഏറ്റവും ഹൃദയഹാരിയായ കാവ്യരചനാശൈലിയുടെ ഉടമയായതുകൊണ്ട് വള്ളത്തോൾ നമ്മുടെ കവിതയിലെ ഏറ്റവും പ്രബലമായ സ്വാധീനതാശക്തിയായി മാറുകയും ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ രണ്ടു മാതൃകകളിലൂടെ വള്ളത്തോളിൽ പ്രകടമായ കാവ്യാദർശംതന്നെയാണ് മലയാളത്തിലെ പില്ക്കാലത്തെ പ്രമുഖകവികളുടെയും കാവ്യാദർശമായത്. അവിടംകൊണ്ടും തീരുന്നില്ല അദ്ദേഹത്തിന്റെ സ്വാധീനതാശക്തി. വായനക്കാരെയും നിരൂപകരെയുംവരെ നിയന്ത്രിക്കാൻ പര്യാപ്തമായി മലയാളത്തിൽ ഇന്നും നിലനില്ക്കുന്നതും വള്ളത്തോൾക്കവിതയുടെ മാനദണ്ഡം തന്നെയാണ്. ചുരുക്കത്തിൽ താൻ ജീവിച്ച കാലത്തിലെ ഏറ്റവും വലിയ കവിയെന്ന അംഗീകാരം കൈവന്ന വ്യക്തിയാണ് മഹാകവി വള്ളത്തോൾ നാരായണമേനോൻ.

> കാലമതിന്റെ കനത്ത കരം കൊണ്ടു
> ലീലയാലൊന്നു പിടിച്ചുകുലുക്കിയാൽ,
> പാടേ പതറിക്കൊഴിഞ്ഞുപോം ബ്രഹ്മാണ്ഡ-
> പാദപപ്പൂക്കളാം താരങ്ങൾ കൂടിയും!

സൂര്യനസ്തമിക്കാത്ത സാമ്രാജ്യം എന്ന് അഹങ്കരിച്ച ഒരു മഹാശക്തിയെ അഭിമുഖീകരിച്ചുകൊണ്ടാണു പറഞ്ഞതെങ്കിലും, വള്ളത്തോളിന്റെ ഈ ധീരപ്രഖ്യാപനത്തിൽ പ്രപഞ്ചരഹസ്യത്തെക്കുറിച്ചുള്ള മഹാദർശനം അടങ്ങിയിരിക്കുന്നു. സത്യവചസ്സും രുദിതാനുസാരിയുമായ കവിയുടെ,

പറയാമൊരൊറ്റ ശ്ലോകമുറി
യാൽ
ശാസ്ത്രമൊക്കെ ഞാൻ
പരോപകാരമേ പുണ്യം
പാപമേ പരപീഡനം

എന്ന വരികളിലുമുണ്ട് നരജീവിതത്തിന്റെ വേദാന്തസാരം.

ഇതൊക്കെക്കൊണ്ടാണ്, സ്വാതന്ത്ര്യലബ്ധിക്കുശേഷം മദിരാശിസർക്കാർ ആസ്ഥാനകവിപ്പദവി നല്കി വള്ളത്തോളിനെ ആദരിച്ചത്. 1955-ൽ രാഷ്ട്രം പദ്മഭൂഷൻ ബഹുമതി നല്കി അംഗീകരിക്കുകയും ചെയ്തു ആ ബഹുമുഖപ്രതിഭനെ. 1956-ൽ കേരളപ്പിറവിസമ്മേളനത്തിൽ ഉദ്ഘാടനപ്രസംഗം നടത്തിയതും മഹാകവി വള്ളത്തോൾ ആയിരുന്നു. അദ്ദേഹത്തിനു കിട്ടിയ സാർവത്രികമായ അംഗീകാരത്തിന്റെ ചില ഉദാഹരണങ്ങളാണിവ.

രാജ്യത്തിന്റെ ഐക്യം പരമപ്രധാനമാണെന്ന് വള്ളത്തോൾ വിശ്വസിച്ചു. ഭാരതത്തിനകത്തും പുറത്തുംനിന്ന് ഒളിഞ്ഞും തെളിഞ്ഞും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിധ്വംസകപ്രവർത്തനങ്ങൾക്കുള്ള പ്രതിവിധി ജനങ്ങളുടെ ഒത്തൊരുമ മാത്രമാണ്. അതുണ്ടെങ്കിൽ ഏതു പ്രതിസന്ധിയെയും അതിജീവിക്കാം. വള്ളത്തോൾ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്:

മാതാവിൻ മഹാഗൃഹം
തുണ്ടുതുണ്ടാക്കിത്തീർത്തു
വേർതിരിപ്പതീവെറും
മാറാലമറകളോ?
ഇവയെപ്പറപ്പിക്കാനുണർന്നു
നമ്മൾ മൂരി
നിവർന്നു നേരേ വിടും
നെടുവീർപ്പൊന്നേ പോരും!

ഇങ്ങനെ, നിദ്രാണമായ കർമ്മവീര്യത്തെ ഉത്തേജിപ്പിച്ച് പല നിലകളിൽ നമ്മുടെ സംസ്കൃതിയെ ധന്യധന്യമാക്കിയ ആ മഹാപുരുഷൻ 1958 മാർച്ച് 13-ന് ദിവംഗതനായി. എങ്കിലും, പഴഞ്ചൊല്ലുപോലെയും ലോകോക്തിപോലെയും മലയാളിയുടെ നാവിലും നിനവിലും അനവരതം പുനർജ്ജനിച്ചുകൊണ്ടിരിക്കുന്ന വള്ളത്തോൾ നമ്മുടെ അവബോധത്തിലെ ശാശ്വതസാന്നിദ്ധ്യങ്ങളിൽ ഒന്നായിരിക്കും, ഒരു സംശയവും വേണ്ടാ.





**സഹായഗ്രന്ഥങ്ങൾ-**

1. വള്ളത്തോൾക്കവിതാപഠനം, സമ്പാദനവും പഠനവും: ചെമ്പൂരി സുകുമാരൻ നായർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2006.

2. മഹാകവി വള്ളത്തോൾ, ഡോ. എം. ലീലാവതി, നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം 1992.

3. അയപ്പപണിക്കറുടെ ലേഖനങ്ങൾ, അയപ്പപണിക്കർ ഡി.സി ബുക്സ്, കോട്ടയം 2005.

4. സാഹിത്യലോകം, ആർ. രാമൻചന്ദ്രൻ നായർ, അഞ്ജലി പബ്ലിക്കേഷൻ, തിരുവനന്തപുരം



# കാലം സാക്ഷി

ഇവിടെക്കുറിക്കുമീ വരികളിൽ പടരുമെൻ
ഹൃദയരക്തം നോക്കി നിശ്ശബ്ദനാകവേ....
ഓർമ്മപ്പുതപ്പിൽ മായാത്ത സുഗന്ധമാം
നോവിന്റെ മണിവീണ പാടുന്നു പിന്നെയും.

രാഗാർദ്രവാകകൾ പൂക്കുന്ന സന്ധ്യയിൽ
ഹൃദയം കൊരുത്തുനാം പിന്നിട്ട പാതകൾ
വീണ്ടും വിളിക്കാൻ മറന്നുവോ മനസ്സിന്റെ
നിറനിലാവേ ഞാൻ നിന്നെ മറക്കുമോ?

തപ്ത ജീവിതനൊമ്പരം മറച്ചൊരെൻ
പ്രക്ഷുബ്ദ്ധ മാനസം എരിഞ്ഞടങ്ങീടവേ
കരളിൽ നിറയുമീയിരുൾത്തിരശ്ശീലയിൽ
തേങ്ങലായ് ആടിത്തളരുന്നു വാക്കുകൾ

വീണ്ടുമൊരു തെന്നലായ് നീ വന്നുമുട്ടവേ
ആ ഹൃദയസ്പന്ദനം കേട്ടു ഞാനുണർന്നു
നറുമഴച്ചാറ്റലായ് പുലരിത്തുടിപ്പായി......
പുതുമണമായ് പ്രിയതേ നിന്നെ ഞാനറിഞ്ഞു...

താലിക്കുരുക്കിന്റെ തടവറച്ചുമരിൽ നീ
മുട്ടാതെ മുട്ടുന്നതും കേട്ടു വ്രണിതമായ്
കണ്ണിമ ചിമ്മാതെ കാത്തിരിക്കുന്നു ഞാൻ
എൻ കണ്ണടയും വരെ കാണുവാൻ എന്നോമനേ

കാലമിനിയും വരും പോകുമെങ്കിലും അരികിലായ്
കാത്തുനിൽക്കും നാം കൈകോർത്തു നടന്നവർ
സാക്ഷിയായ് നിൽക്കുന്നു പിന്നെയും പൂവിട്ടു
നാം കാത്തുനിന്നൊരാ പൂമരച്ചോടുകൾ

നിലയ്ക്കില്ലൊരിക്കലും നിൻ സ്വരവീണകൾ
മൗനമാർന്നെന്നെ പൊതിയും നിശ്വാസങ്ങൾ
കാത്തിരിക്കും ഞാൻ കാതോർത്തിരിക്കും
ഒരു നോക്കിനായനന്തമാം ജീവിതവഴിത്താരയിൽ...

**Shameem C.C.**
Research Scholar,
Dept. IR & PS

# നിരാധാരം

എന്നും ഇരുട്ടിന്റെ തടവറയിൽ
ആരെങ്കിലും വെളിച്ചത്തിന്റെ ജാലകം
തുറക്കുമെന്ന് കരുതി
എന്നും മൗനത്തിന്റെ ഗർത്തങ്ങളിൽ
ആരെങ്കിലും നൂപുരാരവം
കേൾപ്പിക്കുമെന്ന് കരുതി
കാലങ്ങൾ പെയ്തുപെയ്ത്
ഒഴുകി ഒഴിയുമ്പോൾ
എന്തു പ്രതീക്ഷിക്കാൻ
വിശന്നു വലഞ്ഞെത്തി ധൃതിയിൽ
പുൽപ്പാടമാകെത്തിന്നാൻ വെമ്പുന്ന
കാളക്കൂറ്റനരികിൽ
ഭയന്നു നിൽക്കുന്ന
ദരിദ്ര ഇടയ കുമാരനെപ്പോലെ
ഞാനും കാത്തിരിക്കുന്നു

**Sumithran P.R.**
Office Staff,
Examinations Wing



# തിരകളോടായ്................
# എനിക്ക്................

**Jisha D.**
II[nd] MA English and
Comparative Literature

കടലോരം നിരപ്പായിരുന്നു
ഒരു കാലത്ത്
നടന്നിരുന്നു, കളിച്ചിരുന്നു
തട്ടിവീണിട്ടും.
ഒടുക്കം നിന്നിലൊന്നു
കാല്നനയ്ക്കാതെ പോകാൻ
എനിക്കാവില്ലായിരുന്നു.
എത്ര മൺകൊട്ടാരങ്ങൾ പൊട്ടിച്ചു......
എത്ര വാക്കുകൾ മായ്ച്ചു കളഞ്ഞു നീ..........
എങ്കിലും പിണക്കം തീർക്കാൻ
തുള്ളി തുളുമ്പി വെള്ളക്കുതിരകളെപോൽ
നീ വന്നിരുന്നു.

കുഴികളാണ് ഇന്ന് എവിടെയും.
മറ്റൊരു ജസീറ, അത് സാധ്യമല്ലല്ലോ.
മണൽ പൊന്നായി മാറിയത്
ആ കക്കകളും ഞണ്ടുകളും
പൂവാലിക്കകളും
അറിഞ്ഞോ ആവോ?

അല്ലയോ തിരയെ
നീയെങ്കിലും അറിഞ്ഞോ ?

ഉണ്ടായിരിക്കും.
നീ എന്നും മണലിനെ ചുംബിക്കാറുണ്ടല്ലോ.
ഈ ചുംബന സമരകാലത്തും

# മരിക്കുന്നില്ല ഈ സ്മരണകൾ

മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം ഓർമ്മയായിട്ട് ഒരു വർഷം തികയുകയാണ്. വ്യാപരിക്കുന്ന മേഖലകളിലെല്ലാം സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച കലാമിന്റെ ചിന്തകൾക്ക് ഒരിക്കലും മരണമില്ല. അതിസാധാരണക്കാരനിൽ നിന്ന് രാജ്യത്തിന്റെ പരമോന്നത പദവിയിലേക്ക് അദ്ദേഹത്തിന്റെ വളർച്ച കഠിനാധ്വാനം ചെയ്യാനുള്ള മനസ്സും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ഇച്ഛാശക്തിയുമുണ്ടെങ്കിൽ ആർക്കും ഉന്നത പദവി എത്തിപ്പിടിക്കാവുന്നതാണെന്ന് തെളിയിക്കുന്നു. ഇന്ത്യയിലെ പല ബുദ്ധിജീവികളും ജനാധിപത്യ വ്യവസ്ഥിതിയിലെ പോരായ്മകളെക്കുറിച്ച് വാചാലരാകുമ്പോൾ ഭാരതീയനായതില് അഭിമാനിക്കുന്നുവെന്നും അതേ സമയം, രാജ്യത്തിന് ഒരുപാട് മുന്നേറാനുണ്ടെന്ന് പ്രഖ്യാപിച്ചശേഷം അതിനുള്ള ആശയസംഹിതകളും തുറന്നു നൽകിയ വ്യക്തിയായിരുന്നു ഡോ. കലാം.



ഭാരതത്തിന്റെ ഭാവി യുവാക്കളിലാണെന്ന് മറ്റാരേക്കാളും തിരിച്ചറിഞ്ഞ ക്രാന്തദർശി. ഇന്ത്യയുടെ ഭാവി യുവതലമുറയിലാണെന്ന പ്രതീക്ഷ പുലർത്തുമ്പോൾ തന്നെ യുവാക്കൾക്ക് ഭരണാധികാരികളോടും, വ്യവ്സ്ഥിതിയോടുമുള്ള വിരക്തിയും, അവരിൽ പ്രതീക്ഷ പുലർത്തുമ്പോൾ തന്നെ യുവാക്കൾക്കു ഭരണാധികാരികളോടും, വ്യവസ്ഥിതിയോടുമുള്ള വിരക്തിയും, അവരില് അന്യംനിന്നുകൊണ്ടിരിക്കുന്ന സാമൂഹിക പ്രതിബദ്ധതയും മനസ്സിലാക്കി അതിനെ ചികിത്സിക്കാന് തയ്യാറായ ഡോക്ടറാണ് അബ്ദുൾ കലാം. അതുകൊണ്ടുതന്നെയാണ് അവർ ഉന്നയിക്കുന്ന കാതലായ ചോദ്യങ്ങൾക്ക് മറുപടി നൽകിയത്. അവരോട് നേരിട്ടിടപഴകി രാഷ്ട്ര നിർമ്മാണത്തില് പങ്കാളിയാക്കുവാനാണ് തന്റെ സംവാദങ്ങളെ കലാം ഉപയോ

**Arun K.V.**

Research Scholar
Dept. of IR and Politics

ഗപ്പെടുത്തിയത്. പതിനേഴു ദശലക്ഷത്തോളം യുവാക്കളോട് നേരിട്ട് ഇടപഴകിയിട്ടുണ്ടെന്ന് കലാം എഴുതുകയുണ്ടായി.

രാഷ്ട്രം നിങ്ങൾക്ക് എന്തു തന്നുവെന്നതല്ല മറിച്ചു രാഷ്ട്രത്തിനുവേണ്ടി നിങ്ങൾ എന്തുചെയ്തുവെന്നതിനെ ആശ്രയിച്ചാണ് രാഷ്ട്രപരിവർത്തനം സാധ്യമാവുകയെന്നാണ് കലാം യുവാക്കളെ ഓർമ്മപ്പെടുത്തിയത്. അതിനായി പണം മുടക്കാതെ തന്നെ ചെയ്യാവുന്ന മൂന്ന് കാര്യങ്ങള് നിർവ്വഹിക്കാനാണ് അദ്ദേഹം അഭ്യർത്ഥിക്കുകയുണ്ടായി. ഒന്ന്, യാത്രയില് നമ്മുക്ക് ചുറ്റും കാണുന്ന നിരക്ഷരരായ വ്യക്തികളുടെ വീടുകളില് ചെന്ന് അവരെ സാക്ഷരരാക്കുക. രണ്ട് വീടുകളിലും തൊഴിലിടങ്ങളിലും പത്തു വൃക്ഷത്തൈകളെങ്കിലും നട്ടുപിടിപ്പിക്കുക. പൂർണ്ണ വളർച്ചയെത്തുന്ന മരങ്ങൾ വർഷം 1 കിലോ ഓക്സിജൻ നമ്മുക്ക് നൽകുമെന്നും 20 കിലോ കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുക്കുമെന്നും അതിലൂടെ വായുമലിനീകരണം തടയാം എന്നുമാണ് അദ്ദേഹം ഉദ്ദേശിച്ചത്. മൂന്ന്, നമ്മുക്ക് ചുറ്റും കാണുന്ന ആരോഗ്യമില്ലാത്ത രോഗികൾക്കും വൃദ്ധജനങ്ങൾക്കും വേണ്ടി സാന്ത്വന സ്പർശമാവുക. വ്യക്തിയെന്ന നിലയില് ഭരണകൂടത്തിന്റെ സഹായമില്ലാതെ സാമൂഹിക പരിവർദ്ധത്തനത്തിനു ഇത്തരം കാര്യങ്ങൾ ചെയ്യാന് അദ്ദേഹം യുവാക്കളെ പ്രേരിപ്പിച്ചു.

അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവരടങ്ങുന്ന സമൂഹം കുട്ടികളോട് ആവശ്യപ്പെടുന്നത് ഒന്നാമതാകാനും മറ്റുള്ളവരെ പോലെയാകാനുമാണ്. എന്നാൽ നിങ്ങൾ നിങ്ങളായി തീരുക. എന്നതാണ് മഹത്തരമായ കാര്യമെന്നും വലിയ ലക്ഷ്യങ്ങൾ കണ്ടാണ് നിങ്ങൾ നിങ്ങളായ തീരേണ്ടതെന്നുമാണ് അദ്ദേഹം കുട്ടികളെ ഓർമ്മപ്പെടുത്തുന്നത്. നമ്മുക്ക് ചുറ്റും പലരും പലരോടായി ചോദിക്കുന്ന ചോദ്യങ്ങൾ ഉണ്ട്. അസുഖം വന്നാല് ആ ഡോക്ടറെ കാണുന്നത് നല്ലതാണോ? അതുമല്ലെങ്കില് അവിടെ പഠിച്ചാല് നല്ല ജോലി കിട്ടുമോ? കലാകാരിയാക്കാൻ പറ്റുമോ? തുടങ്ങി നിരവധി ചോദ്യങ്ങള്. ഇത്തരം ചോദ്യങ്ങൾ വേണ്ടിവരുന്നത് ജന്മസിദ്ധമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം രക്ഷിതാക്കള് പലരും നിർബന്ധിച്ചു കുട്ടികളെ പല സ്ഥലങ്ങളില് ചേർക്കുന്നതുകൊണ്ടാണ്. കുട്ടികളുടെ ലക്ഷ്യങ്ങൾക്കൊത്തു അവരെ വളരാൻ പ്രോത്സാഹിപ്പിച്ചുവരുന്നുവെങ്കില് ഒരുപാട് ക്രിയേറ്റീവ് ആയ വ്യത്യസ്ത വ്യക്തിത്വങ്ങള് നമ്മുക്കുണ്ടാകുമായിരുന്നു. ഇവിടെയാണ് ഡോ. കലാം പറഞ്ഞതിന്റെ പൊരുൾ. പ്രതിസന്ധികളെ



തരണം ചെയ്യാൻ കഴിവുള്ള നേതൃഗുണമുള്ള യുവതലമുറയെയാണ് അദ്ദേഹം സ്വപ്നം കണ്ടത്. യഥാർത്ഥ നേതാവിന്റെ ജോലി അനുയായികളെ സൃഷ്ടിക്കലല്ല മറിച്ചു കൂടുതൽ നേതാക്കളെ സൃഷ്ടിക്കുകയാണെന്നാണ് റാഫ്ല് നാദിർ അഭിപ്രായപ്പെട്ടത്.

ഇതു അക്ഷരാർത്ഥത്തില് കലാമിന്റെ കാര്യത്തില് ശരിയെന്നു ബോധ്യമാകും.അദ്ദേഹം പങ്കിട്ട വേദികള് അനുയായികളെ സൃഷ്ടിക്കാനല്ല, പ്രതിസന്ധികളെ തരണം ചെയ്ത് ലക്ഷ്യത്തിലേക്ക് പറക്കാൻ കഴിയുന്ന സമൂഹത്തോട് ഞാൻ നിങ്ങൾക്ക് വേണ്ടി എന്താണ് ചെയ്യേണ്ടത്? എന്ന് ചോദിക്കുന്ന നേതാക്കളെ സൃഷ്ടിക്കാനാണ്. രാഷ്ട്രത്തിന്റെ പുരോഗതി രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, സാംസ്ക്കാരികം, ശാസ്ത്രം തുടങ്ങിയ എല്ലാ ഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത്. ഇവ ഓരോ മേഖലയിലും യഥാവിധി നിർവ്വഹിക്കപ്പെടണമെങ്കില് നല്ല നേതൃത്വം എല്ലാ ഘടകങ്ങളിലും ആവശ്യമാണ്. അതില്ലെങ്കില് രാജ്യ പുരോഗതി ഉണ്ടാകില്ലെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു.

ശാസ്ത്ര വിഷയങ്ങളില് വൈദഗ്ദ്ധ്യം നേടിയവരുടെ സാമൂഹിക പ്രതിബദ്ധതയെക്കുറിച്ച് വിമർശങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ, പൊതു വിഷയങ്ങളിൽ ഇടപെടുന്ന മറ്റേതു വ്യക്തിയേക്കാളും നന്നായി സമൂഹത്തിന്റെ പ്രശ്നങ്ങളെ അടുത്തറിയാനും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും നിരന്തരം സമൂഹത്തെ കർമ്മോത്സുകരാക്കുകയും ചെയ്ത ശാസ്ത്രജ്ഞനാണ് ഡോ. കലാം. തന്റെ ജന്മദിനം ഗ്രാമങ്ങളിൽ ആഘോഷിക്കണമെന്ന് രാഷ്ട്രപതി ആയിരിക്കുന്ന സമയത്ത് അദ്ദേഹം അഭിപ്രായപ്പെട്ടത്. രാഷ്ട്രപതിയുടെ സന്ദർശനം പ്രമാണിച്ചെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ്.

ലോകത്തിലെ അറിയപ്പെടുന്ന വ്യക്തിയായിരിക്കുമ്പോൾതന്നെ മറ്റുള്ളവരെ അംഗീകരിക്കാനും അഭിനന്ദിക്കാനും ഒട്ടും മടി കാണിക്കാത്ത വ്യക്തിയായിരുന്നു അദ്ദേഹം. മുൻ പ്രധാനമന്ത്രിമാരായ പി.വി. നരസിംഹറാവു, അദ്ദേഹത്തോട് ആണവ പരീക്ഷണത്തിന് തയ്യാറെടുക്കാനും തന്റെ അനുമതിക്കായി കാത്തിരിക്കാനും ആവശ്യപ്പെട്ടിരുന്നു. ജനവിധി കോൺഗ്രസ്സിന് എതിരായെങ്കിലും അല്പ ദിവസങ്ങൾ കഴിഞ്ഞു പുതിയ പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് കലാമിന് വന്ന നിർദ്ദേശം നരസിംഹറാവുവിന്റെ കൂടെ ഓഫീസിൽ എത്തണമെന്നാണ്. അവിടെ വച്ച് പ്രധാനമന്ത്രി എ.ബി. വാജ്പേയിയോട് പദ്ധതിയെക്കുറിച്ച് വിവരിക്കാനാണ് നരസിംഹറാവു കലാമിനോട് ആവശ്യപ്പെടുകയുണ്ടായത്. രാഷ്ട്രീയപരമായ വ്യത്യാസങ്ങൾക്കിടയിലും ദേശ സുരക്ഷയ്ക്കും പുരോഗതിക്കും വേണ്ടി ഇരുനേതാക്കളും കാണിച്ച അസാമാന്യമായ ഐക്യം അദ്ദേഹം മാതൃകയായാണ് കാണുന്നത്. ഇന്നത്തെ ഭരണാധികാരിയെ നോക്കിയാൽ രാഷ്ട്രീയപരമായ വ്യത്യാസങ്ങൾക്കിടയിലും ദേശ സുരക്ഷയ്ക്കും പുരോഗതിക്കും വേണ്ടി ഇരു നേതാക്കളും കാണിച്ച അസാമാന്യമായ ഐക്യം അദ്ദേഹം മാതൃകയായാണ് കാണുന്നത്. ഇന്നത്തെ ഭരണാധികാരിയെ നോക്കിയാൽ രാഷ്ട്രീയത്തിന്റെ പേരിൽ മുൻ സർക്കാരുകൾ കൊണ്ടുവന്ന പദ്ധതികളും, സ്ഥാപനങ്ങളും ഇല്ലാതാക്കുന്ന സമീപനങ്ങളാണ് പിന്തുടരുന്നതെന്ന യാഥാർത്ഥ്യം ഇവിടെ പ്രസക്തമാണ്. കർമ്മനിരതനും സാമൂഹികപ്രതിബദ്ധതയുമുള്ള ഒരു വ്യക്തിയെയാണ് രാഷ്ട്രത്തിന് നഷ്ടമായത്. ഭരണവ്യവസ്ഥിതിയെയും നേതൃത്വത്തെയും ഗ്രഹിച്ച രോഗങ്ങൾ കാരണം വ്യവസ്ഥിതിയോട് അകലം പാലിക്കാൻ താത്പര്യപ്പെടുന്ന യുവതലമുറയെ ജനാധിപത്യ വ്യവസ്ഥിതിയോടടുപ്പിക്കുന്ന വലിയ കണ്ണിയായിരുന്നു അദ്ദേഹം. ഭരണാധികാരികളെ മാറിനിന്നു കുറ്റം പറയുന്നതിനുപകരം രാഷ്ട്രത്തിനുവേണ്ടി ചെറുതെങ്കിലും ഒരു നല്ല കാര്യം ചെയ്യാന് താത്പര്യപ്പെടുന്ന ഒരു സമൂഹമായി തീരുക എന്നതാണ് അദ്ദേഹത്തിന് നൽകാവുന്ന ഏറ്റവും നലല്ല സ്മരണാഞ്ജലി.



# ബൈക്ക് ടാക്സി
## (ഫ്രം പൻജിം ടു മട്ഗോൺ)

ഗോവയുടെ തലസ്ഥാനമായ പൻജിമിലെ (പനാജി) മനോഹരമായ ഒരു ഞായറാഴ്ച സായാഹ്നം. സുഹൃത്തിന്റെ സ്കൂട്ടറിൽ ഇരുളിൽ കെവട്ടി തിളങ്ങുന്ന നഗര സൗന്ദര്യം അവനോടു ചേർന്നിരുന്നു ആസ്വദിച്ചു. (പ്രകൃതി വിരുദ്ധം എന്ന് ഇപ്പോഴെ സംശയിച്ചുകളയല്ല കെട്ടോ!! നമ്മൾ തകർന്നിരിക്കുമ്പോൾ നമ്മളോട് വളരെ പോസിറ്റീവ് ആയി സംവദിച്ചു, ജീവിത പ്രശ്നങ്ങളെ നോക്കി ലഘുവായി മന്ദഹസിക്കാൻ പറയാൻ, അതു ഇപ്പോഴെങ്കിലും നമ്മളെ ബോധ്യപ്പെടുത്താനുള്ള കഴിവ് അവനുണ്ട്. നമ്മളുടെ വിഷമം കേട്ടിരുന്നു അതിൽ വളരെ സത്യസന്ധമായ കാഴ്ചപ്പാട് സ്വീകരിക്കാനും മനസ്സിലാക്കാനും അവനു സാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നല്ല സുഹൃത്തിന്റെ നാൾ അവന്റെയും അവന്റെ സുഹൃത്തുക്കളുടെയും കൂടെ ഇത്തിരിനേരം സന്തോഷിച്ചു. എന്റെ നീറുന്ന മനസ്സിനും പിടയുന്ന ഹൃദയത്തിനും അവർ നൃത്തത്തിന്റെ ചാരുതയേകി. പൻജിമിന്റെ പാറക്കെട്ടുകളിൽ അടിച്ചു ചിതറുന്ന തിരമാലകളിൽ യൗവ്വനത്തിന്റെ തീക്ഷ്ണതയുണ്ടായിരുന്നു. ടവർ ലൈറ്റിന്റെ വെളിച്ചവും കോച്ചുന്ന തണുപ്പും ക്ലിഫിന്റെ സൗന്ദര്യം മനസ്സിൽ കോറിയിട്ടു.

അവസാനമായി അവൻ എന്നോട് കുറെ കാര്യങ്ങൾ പറയുകയായിരുന്നു. നിന്റെ പ്രശ്നങ്ങൾ കൂടുതൽ വിവരദോഷികളോട് ചർച്ച ചെയ്യേണ്ട. അത് നിന്നെ ന്യായീകരിച്ചാലും ശരി. ഇത് ചർച്ച ചെയ്തു രസിക്കാനെ അവന്മാർക്കും അവളുമാർക്കും താത്പര്യം കാണൂ.. നിന്റെ ജീവിതം ആസ്വദിക്കുക. നിന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യം ആക്കുക! മനസ്സ് മടുത്തെന്നു പറഞ്ഞാൽ പിന്നെ അത് ചെയ്യരുത്. നീ മരം ഒന്നും അല്ലല്ലോ, ഇങ്ങനെ നിൽക്കാൻ.. യാത്ര ചെയ്യുക!! മനസ്സിലെ പകയുടെ അഗ്നിയിൽ എണ്ണ ഒഴിക്കാതെ എന്റെ മനസ്സിനെ ശാന്തമാക്കാൻ അവൻ ശ്രമിച്ചു. വഴിയരികിലെ ജലാശയങ്ങളിൽ വെള്ളി നിലാവിനെ പോലെ കസി

**Arun Kumar**

Research Scholar
Dept. of Biochemistry &
Molecular Biology

നോകൾ മുങ്ങി കുളിച്ചു നിൽക്കുന്നു. തലസ്ഥാന നഗരിയിലെ വാഹനങ്ങളെ മറികടന്നു ഞങ്ങൾ ഷട്ടിൽ സർവ്വീസ് ബസ്സ് സ്റ്റാന്റിലേക്ക്.....

നഗരത്തിലെ ട്രാഫിക്ക് കുരുക്ക് ഭയന്ന് ഞങ്ങൾ ബസ്സിന് പകരം ബൈക്ക് ടാക്സി പിടിക്കാൻ തീരുമാനിച്ചു. ആദ്യമായാണ് ഞാൻ ബൈക്ക് ടാക്സികൾ കാണുന്നത്. ഗോവയിൽ ആദ്യമായാണ് ഞാൻ ബൈക്ക് ടാക്സികൾ കാണുന്നത്. ഗോവയിൽ ആദ്യമായത് കൊണ്ടും മറ്റ് ഇന്ത്യൻ നഗരങ്ങൾ സന്ദർശിക്കാത്തതു കൊണ്ടുമാവാം. മട്ഗോവിൽ വന്നിറങ്ങിയപ്പോഴും റെയിൽവേ സ്റ്റേഷനിൽ നിന്നും മട്ഗോൺ ബസ് സ്റ്റാന്റ് വരേയ്ക്കും ബൈക്ക് ടാക്സിയിൽ യാത്ര ചെയ്തിരുന്നു, 100 രൂപയായിരുന്നു ചാർജ്. വെളുപ്പിന് 5.30 ന് ആദ്യമായ് ഞാൻ ഗോവയിൽ കാലുകുത്തിയപ്പോൾ മരം കോച്ചുന്ന തണുപ്പിൽ സിഗരറ്റ് പുകയ്ക്കുന്ന രണ്ടു സുന്ദരികളായ വിദേശ വനിതാ സഞ്ചാരികൾ ആയിരുന്നു എന്റെ മുന്നിൽ!!! അവർ എന്നെ സ്വാഗതം ചെയ്യുന്നതായി തോന്നി. സങ്കല്പ്പിക്കുകയെങ്കിലും ആവാലോ.... (ആരും ചുമക്കണ്ട!!) ആ... ഇത് വന്നിറങ്ങിയ കാര്യമല്ലേ... ഇവിടെ വിഷയം അതല്ല...സവാരിയാണ് പറയാൻ ആഗ്രഹിച്ചത്.

സുഹൃത്ത് ബസ്സ്റ്റാൻഡിൽ സ്കൂട്ടർ നിർത്തി. ഞാൻ ഒരു മധ്യവയസ്ക്കനായ ബൈക്ക് ടാക്സി ഡ്രൈവറെ കണ്ടു. നല്ല ആരോഗ്യം ഉള്ള ചെറുപ്പക്കാരനെ പോലിരിക്കും ഈ ബൈക്ക് ടാക്സി ഡ്രൈവർമാർ! വന്നിറങ്ങിയപ്പോൾ കണ്ടതും ഇതുപോലൊരു ആളെ തന്നെ. നരച്ച കുറ്റി താടിയും മഞ്ഞ നിറമുള്ള ഓവർ കോട്ടും നല്ല പൊക്കവും വണ്ണവും. എന്നോട് അയാൾ ചോദിച്ചു. സർ, റൂം വല്ലതും വേണോ? വേണ്ട, എനിക്ക് മട്ഗോൻ റെയിൽവേ സ്റ്റേഷൻ വരെ പോകണം. എത്ര രൂപ യാകും? അത് നല്ല ദൂരമില്ലെ? 500 രൂപ മിനിമം!! ഞാൻ സുഹൃത്തിനെ നോക്കി. ഹെൽമെറ്റ് ഊരി അവൻ പറഞ്ഞു ഞാൻ ഇവിടെ അടുത്ത് ഉള്ളതാണ് ചേട്ടാ, കാർ ടാക്സിക്കുപോലും 600 രൂപ അല്ലെ ആവുള്ളൂ. നിങ്ങൾ കുറയ്ക്കൂ. 300 രൂപയ്ക്കു യാത്ര ചെയ്തിട്ടുണ്ടല്ലോ ഇതിന് മുന്നേവരെ. 35 കിലോ മീറ്ററിൽ കൂടുതൽ ഉണ്ട്. 450 രൂപ തരണം. അപ്പോൾ അവൻ പറഞ്ഞു ശരി., 400 രൂപ, അരുണേ.... വിട്ടോളൂ... അങ്ങനെ അവനോട് എന്തെന്നറിയാത്ത വികാരത്തോടെ ഞാൻ യാത്ര പറഞ്ഞു. അവൻ എന്റെ മുഖത്തേക്കു നോക്കിയില്ല, വേറൊരാൾ അവനോടു സംസാരിക്കുന്നു. വളഞ്ഞു പുളഞ്ഞു നഗര മധ്യത്തിലൂടെ ബൈക്ക് ടാക്സി ചീറി പാഞ്ഞു.

നിശബ്ദതയായിരുന്നു ഞങ്ങൾക്കിടയിൽ.....ഒന്നര മണിക്കൂർ തണുത്തുറഞ്ഞു ബൈക്കിൽ ചീറിപായാം. അയാൾ കോട്ടിന്റെ തൊപ്പി ചെവിടയക്കം മൂടി പുതച്ചു. ഞാൻ എന്റെയും... എന്നോട് ചോദിച്ചു ട്രെയിൻ എത്ര മണിക്കാണ്? മലയാളി ആണോ? മലയാളി ആണ്. ട്രെയിൻ 9.30 ന് ആണ്. വീണ്ടും നല്ല മൂകത ഞങ്ങൾക്കിടയിൽ....ഹൃദയം വല്ലാതെ ഓർമ്മകൾ കാരണം വേദനിക്കുന്നു. ഒന്നും ഒരിക്കലും മറക്കാൻ സാധ്യമല്ല. താത്ക്കാലിക ആശ്വാസമെങ്കിലും ലഭിച്ചാൽ ഭാഗ്യം എന്ന കണക്കെയാണ് ഞാൻ വന്നത്. സാരമില്ല... കൈകൾ തണുക്കുന്നു. ബാഗിന്റെ ഭാരവും... ഞാൻ അയാളോട് ചോദിച്ചു, നിങ്ങൾ ഈ നാട്ടുകരാൻ തന്നെയാണോ? അതെ, നിങ്ങളോ? കേരളത്തിൽ എവിടെയാണ് ? കണ്ണൂർ എന്ന് കേട്ടിട്ടുണ്ടോ? അവിടെ തലശ്ശേരിയിലാണ് അയാൾ തല കുലുക്കി. പിന്നീട്  എന്റെ പേര് ചോദിച്ചു. അരുൺ ആഹാ നല്ല പേരാണ് കേട്ടോ. എന്റെ പേര് വിക്കി. വിക്കി ഡോണർ എന്ന് കേട്ടിട്ടില്ലേ? ഹാഹാ വിക്കി? നല്ല ചെറുപ്പക്കാരുടെ പേരാണല്ലോ? അയാൾ ചിരിച്ചു.

ഒരു പക്ഷെ ഞാൻ ക്രിസ്ത്യാനി ആണെന്ന് അയാൾ തെറ്റിദ്ധരിച്ചത് കൊണ്ടാവാം, അയാൾ കേരളത്തിലെ ഏതോ പള്ളിയിലെ കുറിച്ച് എന്നോട് ചോദിച്ചു. മലയാറ്റൂർ പള്ളി, ഇത് രണ്ടും മാത്രമേ എനിക്ക് അറിയാവൂ. നിങ്ങൾക്ക് മാഹി അറിയാമോ? മദ്യത്തിന്റെ കാര്യത്തിൽ ഒരു ചെറു ഗോവ തന്നെയാണ്. അയാൾ ഒന്നും മിണ്ടിയില്ല. പിന്നീട് എന്നോട് ചോദിച്ചു. ശബരിമല അറിയാമോ? സ്വാമി അയ്യപ്പനും ശബരിമലയും



# എന്റെ നോമ്പനുഭവങ്ങൾ

ശ്രീകേരളവർമ്മ കോളേജിൽ അധ്യാപകനായി ചേരുന്നതിന് മുമ്പ് കാസർകോട് കേന്ദ്ര സർവ്വകലാശാലയിലെ അന്താരാഷ്ട്ര പഠനവിഭാഗത്തിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്നു ഞാൻയ ഗവേഷണ വിദ്യാർത്ഥിയായി ചേർന്ന സമയം, ഒരു പ്രത്യേക സാഹചര്യത്തിലാണ് നോമ്പെടുക്കണമെന്ന് തോന്നിയത്.

എല്ലാ കൊല്ലവും മുസ്ലീം കൂട്ടുകാർ പെരുന്നാളിന് അവരുടെ വീടുകളിലേക്ക് വിളിക്കാറുണ്ട്. ഞാൻ സന്തോഷത്തോടെ പോകും. കാരണം ഒന്ന് സ്നേഹം കൊണ്ട്, മറ്റൊന്ന് വീട്ടിലെ കഞ്ഞീം പയറും മടുത്തതുകൊണ്ട്. 2013 ലാണ് നോമ്പ് എടുക്കണമെന്ന ആഗ്രഹം മനസ്സിൽ വരുന്നത്.

കൂലിപ്പണി എടുത്തും കടം വാങ്ങിയുമൊക്കെയാണ് എന്നെ അച്ഛൻ പഠിപ്പിക്കുന്നത്. ശമ്പളം ഇതുവരെ കിട്ടാത്തതുകൊണ്ട് ഇന്നും ഇതുതന്നെയാണ്, വലിയ മാറ്റമൊന്നുമില്ല. അച്ഛൻ തന്നെ ആശ്രയം.

ആ സമയത്താണ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ പി.എച്ച്ഡിക്ക് വിളിക്കുന്നത്. നെറ്റും, എം.ഫില്ലും ഉള്ളതുകൊണ്ട് എൻട്രൻസ് വേണ്ടിവന്നില്ല.

നോമ്പെടുക്കാൻ തീരുമാനിച്ചപ്പോഴാണ് എം.എയിലെ ഗോകുൽ കിപ്പാലെ ഒന്നു കാണണമെന്ന് പറയുന്നത്. അവന് ഒരു സംശയം. ഭക്ഷണം കഴിക്കാൻ പൈസയില്ലാത്തതുകൊണ്ടാണോ നോമ്പെടുക്കുന്നതെന്ന്. ഒരു സ്നേഹപ്രകടനത്തോടൊപ്പം വിശക്കുന്നവന്റെ വേദനയുമിറിയാനാണെന്നു പറഞ്ഞ് അവനെ മനസ്സിലാക്കി. കൂടാതെ കർക്കിടക മാസം പഞ്ഞമാസമെന്ന് പറയാറുണ്ട്. എന്നാൽ ഹിന്ദുക്കൾക്ക് രാമായണമാസവും മുസ്ലീം മതവിശ്വാസികൾക്ക് ആ വർഷം കർക്കിടക മാസം വിശുദ്ധ ചെറിയ പെരുന്നാളിന്റെയും മാസമായിരുന്നു. രണ്ട് മതവും നന്മയിലധിഷ്ഠിതമാണ്. പക്ഷേ, ഏറ്റവും കൂടുതൽ ശണ്ഠകൂടുന്നതും ഈ വിഭാഗത്തിൽപ്പെട്ടവർ തന്നെയാണ്. പ്രത്യേകിച്ച് കാസർകോട്ട്. ഈ നന്മയ്ക്ക് വേണ്ടിയാണ് നോമ്പെടുക്കാൻ തീരുമാനിച്ചത്, ഹോസ്റ്റലിൽ ഷമീമിന്റെയും അഷഹർ ജബ്ബാറിന്റെയും കൂടെ......

**Arun K.V.**

പുലർച്ചയ്ക്ക് വിളിക്കാൻ അഷഹർ ജബ്ബാറിന്റെ ഏർപ്പാടാക്കി. അവനെന്നെ എഴുന്നേൽപ്പിച്ചതിനുശേഷം ഷമീമിനെയും വിളിച്ചുണർത്തി താഴത്തെ നിലയിൽ കാത്തിരിക്കും. പിന്നെ മൂന്നാളും കൂടി ബദരിയ ഹോട്ടലിലേക്ക് നോമ്പെടുത്താൽ മാത്രം പോരല്ലോ, നോമ്പ് മുറിക്കണ്ടേ.

അവർ രണ്ടുപേരും പള്ളിയിൽ പോകും. എനിക്കത് പറ്റാത്തത് കൊണ്ട് നേരെ റൂമിൽ ചെന്ന് അവിടെയാണ് നോമ്പു തുറക്കാറ്.

വരുമ്പോൾ തന്നെ സെക്യൂരിറ്റി സുരേഷേട്ടനോടൊ ചന്ദ്രേട്ടനോടോ ഒരു പാത്രം വാങ്ങും. അതിൽ നാരങ്ങ വെള്ളമാക്കി, ബാങ്ക് വിളിക്കുമ്പോൾ കൂടെ സമൂസയോ, കക്കിരിയോ കഴിച്ച് നോമ്പ് തുറക്കും. കൂടെ അനൂപൊ, ആൻസൊ ബർണ്ണബാസൊ ഒക്കെ കാണും. നോമ്പുതുറയെപ്പറ്റി പറയുമ്പോൾ രണ്ടു കാര്യങ്ങൾ പറയാതെ വയ്യ.

ഒരു ദിവസം സർക്കാർ വണ്ടിയിൽ എറണാകുളത്തുന്ന് പാലായിലേക്ക് യാത്രയിലായിരുന്നു. ഏഴ് മണിക്ക് പാലായിൽ എത്തണമെന്നാണ് കരുതിയത്. ടിക്കറ്റ് എടുത്തപ്പോഴാണ് അറിഞ്ഞത് വണ്ടി വളഞ്ഞാണ് പോവുന്നതെന്ന്. നോമ്പായതുകൊണ്ട് കുപ്പിവെള്ളവും കരുതിയിരുന്നില്ല.

വണ്ടി വൈക്കത്തെത്തിയപ്പോൾ കണ്ടക്ടറോട് ഇവിടെ കുറച്ച് നേരം നിർത്തിയിടുമോ എന്ന് ചോദിച്ചപ്പോൾ മൂത്രമൊഴിക്കാനാണേൽ വേഗം പോയി വരൂ എന്ന് മറുപടി നൽകി. ഞാൻ ഇറങ്ങിയോടി. മുള്ളാനല്ല ഒരു കുപ്പി വെള്ളം സമൂസ എന്നിവ വാങ്ങി. അത്തവണ ബസ്സിലാണ് നോമ്പ് മുറിച്ചത്. ഹോസ്റ്റലിൽ കശ്മീരിയായ ബാബറുമൊപ്പമുള്ള നോമ്പനുഭവമാണ് മറ്റൊന്ന്. ബാബറിനെ എനിക്ക് പരിചയപ്പെടുത്തി തന്നത് ഷമീമാണ്. പരിചയപ്പെടുത്തിത്തരുന്ന സമയത്ത് ഹി ഓൾ സൊട്ടക്ക് ഫാസ്റ്റ് എന്ന് പറയണത് കേട്ടിരുന്നു.

പിറ്റേദിവസം ഞങ്ങൾ നാലാളും കൂടിയാണ് ബദരിയയ്ക്ക് പോയത്. യുആർ സൊട്ടക്ക് ഫാസ്റ്റ് യു ഡോണ്ട് ഡ്രിങ്ക് വാട്ടർ എന്നൊക്കെ ബാവർ അതിശയത്തോടെ എന്നോട് ചോദിച്ചു. കാവിമുണ്ടാണ് പൊതുവെ എന്റെ വേഷം. ഇടത്തോട്ട് മുണ്ടുടുത്ത ഷമീമിന്റെയും ജബ്ബാറിന്റെയും കൂടെ വലത്തോട്ട് കാവിമുണ്ടുടുത്ത ഞാനും എല്ലാ ദിവസവും ബദരിയ ഹോട്ടലിലേക്ക് പോകുമ്പോൾ എല്ലാവർക്കും വലിയ അതിശയമായിരുന്നു.

ബാബറിന്റെ കൂടെ നോമ്പെടുത്ത ആ ദിവസത്തേക്ക് വരാം. പതിവുപോലെ ഏഴു മണിക്ക് നോമ്പ് തുറക്കാം എന്നാണ് കരുതിയത്. പക്ഷെ, ഒരു സെമിനാറിന്റെ അബ്സ്ട്രാക്റ്റ് അയക്കാൻ നിന്നതിനാലും എം.ഫിൽ വിദ്യാർത്ഥിനി അലീനയുടെ കുട്ടിക്ക് ബർത്ത് ഡെ ഗിഫ്റ്റ് എടുക്കാനും നിന്നതുകൊണ്ട് 9 മണിയായി റൂമിൽ എത്തിയപ്പോൾ.

ഞാൻ എവിടെ പോകുമ്പോഴും ഹോസ്റ്റൽ റൂം അടയ്ക്കുന്ന പതിവില്ല. റൂമിൽ ചെന്നപ്പോൾ മേശമേൽ ഒരു പായ്ക്കറ്റ്. തുറന്നപ്പോൾ കുറെ സമൂസയും ഉള്ളിവടയുമൊക്കെയാണ്. അന്വേഷിച്ചപ്പോ ഇന്നലെ പരിചയപ്പെട്ട ഇന്ന് രാവിലെ ഒരുമിച്ച് നോമ്പെടുത്ത കാശ്മീരി ബാബർ എനിക്കുവേണ്ടി കൊണ്ടുവന്നതാണ്.

തങ്ങളെപ്പോലെ തങ്ങളോടൊപ്പം നോമ്പെടുത്ത് എനിക്ക് പള്ളിയിൽ പോകുവാൻ പറ്റാത്തതുകൊണ്ട് പള്ളയിൽ നിന്ന് നോമ്പുമുറിച്ചപാടെ 7.15 ഓടുകൂടി റൂമിൽ വന്നതാണ്. എന്നെ കാണാത്തതുകൊണ്ട് അവിടെ വെച്ചിട്ടുപോയതാണ്. നോമ്പുതുറയ്ക്കുള്ള വിഭവങ്ങൾ.

ഇങ്ങനെയുള്ള കാശ്മീരികളെ സമൂഹം തീവ്രവാദികളെന്ന് അധിക്ഷേപിക്കുമ്പോൾ എനിക്ക് അത്തരക്കാരോട് പുച്ഛവും ആക്ഷേപിക്കുന്നവരെ ചിരിച്ചുകൊണ്ട് തോൽപ്പിക്കുന്ന ബാബറിനെപ്പോലുള്ളവരോട് ബഹുമാനവും ആണ് തോന്നിയത്.

ലോകത്തിൽ എല്ലാ മാറ്റങ്ങളുമുണ്ടായിരിക്കുന്നത് കാമ്പസ്സുകളിൽ നിന്നാണ്. വർഗ്ഗീയതയുടെ വിഷവിത്തുകൾ വളർന്നുവരുന്ന കാസർകോടിന്റെ മണ്ണിനെ സൗഹാർദ്ദത്തിന്റെയും ശാന്തിമന്ത്രങ്ങളുടെയും സംസർഗഭൂമിയാക്കി മാറ്റാനുള്ള ഉത്തരവാദിത്വം കാമ്പസിനുണ്ട്. ഇത്തരം ആഘോഷങ്ങളുടെ സന്ദേശം ഉൾക്കൊള്ളാനും അതനുസരിച്ച് പെരുമാറാനും കഴിയുന്ന മതേതര കാസർകോഡിനായിരുന്ന എന്റെ 2013 ലെ നോമ്പ്.....



# എന്റെ രോദനം

ഏകാങ്കമാം ഒരു നാടകത്തിന് ഇന്നു
കാലം കുറിച്ചൊരാ തിരശീല വീഴുകയായ്
വരുവാനില്ല ആരും തന്നെ

കൂട്ടിനായ് ഇന്നെൻ കൂടെ
ഞാൻ ആടിത്തിമിർത്ത വേഷങ്ങളും,
അട്ടഹാസങ്ങളും, രോദനങ്ങളും, കരഘോഷങ്ങളും
നിറയും ഈ വീഥിയോ ഇന്നിതാ
ശ്മശാനം പോൽ മൂകം ശാന്തം.

എന്നെ മുലയൂട്ടി വളർത്തിയ അമ്മയ്ക്കും
എന്നെ സ്നേഹിച്ചു ലാളിച്ച സോദരിക്കും
സ്നേഹിച്ച എന്നെ
ഇന്നു ഞാൻ കൈവിടുന്നു
എരിയുന്ന അനലന്റെ കരനാദങ്ങൾക്ക് ഉള്ളിൽ
അവനു ഭക്ഷിപ്പാനായുള്ള ഭോജനമായി.

കാലമേ നിന്റെ മിഴികൾക്കു മുന്നിൽ
ഉരുകുന്നു എൻ ദേഹവും, ഗർവ്വവും
ഒരു ഹിമകണം പോലെ
എങ്കിലും പിന്നെയും ഉരുകാതെ ബാക്കിയായ്
എന്റെ ഞാൻ എന്ന ബോധവും
കുതറി പിടയ്ക്കുന്നു അലയുന്നു
പ്രപഞ്ച വീഥികളിലൂടൊരിറ്റു
പ്രാണശ്വാസത്തിനായ്.

**Dr. Vineeth M**
Faculty Member
Department of Economics



# കത്തിയെരിയുന്ന അറബ് ലോകം

**Mohammed Noorudeen**
II<sup>nd</sup> MA IR and Politics

പ്രത്യക്ഷമായ അധിനിവേശം ലോകത്ത് നിന്ന് ഇല്ലാതായി വന്നിട്ട് ആണ്ടുകള് പിന്നിടു മ്പോഴും അവര് വിത്ത് പാകി യതിന്റെ വെളിവെടുപ്പാണ് ഇന്ന് മിക്ക രാജ്യങ്ങളിൽ നിന്നും അലയടിച്ചു കേൾ ക്കുന്നത്. പശ്ചിമേഷ്യയും ആഫ്രിക്കയിലെ വടക്കൻ രാ ജ്യങ്ങളും ഉൾപ്പെടുന്ന അറബ് നാഗരികത ചരിത്രത്തില് കാ ണാത്ത വിധം ദുരിതം പേറി നടക്കുന്ന ഒരു അവസ്ഥയാണ് ഇന്ന് ലോകം കണ്ടുകൊണ്ടി രിക്കുന്നത്. അറബ് വസന്തം എന്ന് ഓമന പേരിട്ട് വിളിച്ച ഭരണ മാറ്റ പ്രക്രിയയും അനാവശ്യമായ അന്താരാ ഷ്ട്ര ഇടപെടലുമാണ് അറ ബ് മേഖലയിലെ ഇസ്ലാമിക രാഷ്ട്രങ്ങളുടെ സ്ഥിഗതിക ള് സങ്കീർണ്ണമാക്കി തീർത്ത് മതപരമായി നിലനിൽക്കുന്ന സുന്നീശിയാ ഭിന്നതയും മറ്റ്

വംശഗോത്ര തർക്കങ്ങളും. ഈ മേഖലയിലെ ഇസ്ലാമിക രാഷ്ട്രങ്ങളുടെ സ്ഥിതിഗതിക ള് സങ്കീർണ്ണമാക്കിത്തീർത്തത് മതപരമായി നിലനിൽക്കുന്ന സുന്നീശിയാ ഭിന്നതയും മറ്റ് വംശഗോത്ര തർക്കങ്ങളും ഈ മേഖലയിലെ അരക്ഷിതാ വസ്ഥയ്ക്കുള്ള നിത്യകാരണ മാണ്.

കഴിഞ്ഞ പത്ത് വർഷത്തോ ളമായി യമനില് ഹൂത്തി വിമതർ ശക്തി പ്രാപിച്ചു വരികയായിരുന്നു. വടക്ക് യമനിലെ സഅദ മേഖലയെ സർക്കാർ അവഗണിക്കുന്നു വെന്നും വലിയ അളവിലുള്ള തൊഴിലില്ലായ്മയും വരിക യായിരുന്നു. വടക്ക് യമനിലെ സഅദ മേഖലയെ സർക്കാ ര് അവഗണിക്കുന്നുവെന്നും വലിയ അളവിലുള്ള തൊഴി ലില്ലായ്മയും സാമ്പത്തിക പിന്നോക്കാവസ്ഥയും ഭരണ കൂടത്തിന്റെ പരാജയമാ ണെന്നുമാരോപിച്ച് കലാ പം തുടങ്ങിയ ഹൂത്തികള് പ്രസിഡന്റിന്റെ കൊട്ടാരം വളയുകയും ഒടുവിൽ ഗവൺ മെന്റിന് പാർലമെന്റ് പിരിച്ചു വിടേണ്ടിവരികയും ചെയ്തു. നേരത്തെ അറബ് വസന്ത കാലത്ത് യമന് വിപ്ലവത്തിലൂ ടെ പ്രസിഡന്റായിരുന്ന അലി അബ്ദുല്ല സലേഹ് അധികാരം നഷ്ടപ്പെട്ടപ്പോൾ ആ സ്ഥാന ത്തേക്ക് പ്രതിപക്ഷ വിപ്ലവ കാരികളുടെ സമ്മതത്തോടെ അമേരിക്ക ഉപവിഷ്ടനാക്കിയ അബ്ദുറബ്ബ് മന്സൂർ ഹാദിയാ ണ് ഇന്ന് സൗദി അറേബ്യയി ല് അഭയം തേടിയെത്തിയിരി ക്കുന്നത്.

ഹൂത്തികളെ തുരത്താൻ സൗദി അറേബ്യയുടെ നേതൃ ത്വത്തിലുള്ള സഖ്യം യുദ്ധം ആരംഭിച്ചു കഴിഞ്ഞു. വരും നാളുകളില് ശക്തിയാർജ്ജി ക്കുമെന്നതിന്റെ സൂചനയാ യിട്ടാണ് യമനില് കഴിയുന്ന വിദേശികളോട് അവരുടെ രാജ്യത്തേക്ക് തിരിച്ച് പോ കാൻ ആവശ്യപ്പെട്ടത്. പശ്ചി മേഷ്യയിലെ ഖത്തര് യു.എ.ഇ. കുവൈത്ത് ബഹ്റൈന്, ജോർദ്ദാൻ, മൊറോക്കോ, സുദാന് എന്നീ രാജ്യങ്ങള് കൂടാതെ അമേരിക്കയും യു ദ്ധമുഖത്ത് സഖ്യസേനയ്ക്ക് സഹായവുമായി നിലകൊള്ളു ന്നുണ്ട്. എന്നാൽ മറുപക്ഷ ത്ത് ശിയാരാഷ്ട്രമായ ഇറാനും ഹിസ്ബുല്ലയും ഹൂത്തി പോരാളികൾക്ക് ആയുധവും സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ അറ ബ് വസന്തകാലത്ത് അധികാ രം നഷ്ടപ്പെട്ട പ്രസിഡന്റ് അലി അബ്ദുല്ല സലേഹും മകന് അഹമ്മദ് അലി സലേഹും സൈനിക കമാൻഡറായി ഹൂ ത്തികളോടൊപ്പമുണ്ട് എന്നത് ഏറെ പ്രതീക്ഷകള് വെച്ചു നീട്ടിയ അറബ് വസന്തത്തി നേറ്റ ഏറ്റവും വലിയ തിരിച്ചടി യാണ്.

അറബ് ലോകത്ത് ആഞ്ഞ ടിക്കുന്ന മറ്റൊരു കൊടു ങ്കാറ്റാണ് ഇസില് അഥവാ ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഭീകര പ്രസ്ഥാനം. ഈ ഭീകര പ്രസ്ഥാനത്തിന്റെ ഉത്ഭവം (ഒറിജിന്) ആഗോള ഭീകരപ്ര സ്ഥാനമായ അല്ഖായിദയി ല് നിന്നായിരുന്നു. ഇറാഖില് അമേരിക്ക അധിനിവേശം നടത്തിയ കാലത്ത് സർവ്വോ ന്മുഖമായ വളർച്ച പ്രാപിക്കു കയും ശേഷം അമേരിക്ക തന്നെ സ്ഥാപിച്ച നൂറി അൽ മാലിക്കിയുടെ പാവ ഭരണ കൂടത്തെ നിലം പതിപ്പിക്കു കയും ചെയ്യുന്നതില് ഇവർ നടത്തിയ ഇടപെടൽ നിർ ണ്ണായകമായിരുന്നു. അറബ് വസന്തം സിറിയയിൽ ശക്തി യാർജ്ജിച്ച് വന്നിട്ടും ബാഷർ അല് അസദ് എന്ന ശിയാ വിശ്വാസി അധികാരം ഒഴി ഞ്ഞ് കൊടുക്കാത്തതും ഇവി ടങ്ങളിലെ പോരാളികൾക്ക് ഊർജ്ജം നല്കി വൈകാ തെ ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആന്റ് ലാവന്റർ എന്ന പേരിൽ ഇറാഖും സിറിയയും അടങ്ങുന്ന വിശാലമായ ഒരു പ്രദേസം ഉൾപ്പെടുത്തി ഒരു ഇസ്ലാമിക് സ്റ്റേറ്റ് രൂപപ്പെ ടുത്തുന്നതിലെത്തിനിന്നു ഇവരുടെ പ്രവർത്തനങ്ങൾ. സ്വയം പ്രഖ്യാപിത ഖലീ ഫയും ദേശീയ മുദ്രകളുമാ യി ഒരു ഭൂ പ്രദേശം നിശ്ച യിച്ച് പ്രവർത്തനം ആരംഭിച്ച പ്രസ്ഥാനം ഭീകരതയിലൂടെ ഒരു രാഷ്ട്രം നിർമ്മിച്ച് കൊ ണ്ടിരിക്കുകയാണ്. ഇതിനി ടയിൽ അല്ഖായിദയുടെ ശൃംഖലയെ ബാധിക്കുമെന്ന ഭയത്താല് കഴിഞ്ഞ ജൂലായ് തൊട്ട് ഇസ്ലാമിക് സ്റ്റേറ്റുമാ യുള്ള എല്ലാ ബന്ധങ്ങളും അല്ഖാദിയ അവസാനിപ്പി ച്ചിരിക്കുകയാണ്. തുടർന്ന് ഇസില് എന്നത് ഐ.എസ് എന്ന ചുരുക്കപ്പേരിൽ അറി

യാൻ തുടങ്ങി. ലോകത്തിലെ എൺപതിലധികം രാഷ്ട്ര ങ്ങളിൽ നിന്നും പ്രാതിനി ധ്യമുള്ള പ്രസ്ഥാനമാണ് ഐ.എസ് എന്ന വസ്തു തിരിച്ചറിയുമ്പോൾ അറബ് ലോകത്തിന്റെ ഭീകര വിരുദ്ധ പോരാട്ടങ്ങൾ ഫലം കാണാൻ പോകുന്നില്ല എന്ന സൂചന യാണ് നൽകുന്നത്. ഇസ്ലാമി ക് സ്റ്റേറ്റ് (ഐ.എസ്) ഇന്ന് കൈവരിച്ചിട്ടുള്ള സാമ്പത്തിക വും മാനുഷികവുമായ ബലം ചെറുതല്ല. മൊസൂളിലേയും തിക്രിത്തിലേയും പ്രധാന ബാങ്കുകളെല്ലാം കൊള്ളയ ടിച്ച് ഭീമമായ സാമ്പത്തിക അടിത്തറ ഐ.എസ് ഉണ്ടാ ക്കിക്കഴിഞ്ഞു. ഇവരുടെ അധീനതയിലുള്ള പ്രദേശങ്ങ ളിലെ എണ്ണക്കിണറുകളുടെ എണ്ണം മൂന്നൂറിലധികമാണ്. യമനിലേക്കും പരിസരനാടു കളിലേക്കും അന്യായമായ പ്രത്യേക സംവിധാനം വഴി ഇവര് എണ്ണ വില്പന നടത്തുന്നു. തട്ടിക്കൊണ്ടു പോയവരെ അധോലോക അവയവ കച്ചവടത്തിനും ലൈംഗീക തൊഴിലിനും ഉപയോഗിക്കുന്നു. ചെറിയ കുട്ടികളെ ആയുധ പരിശീല നം നൽകി പോരാളികളാ ക്കിയെടുക്കുന്നു. ഐ.എസ്. സംഘത്തിൽ തോക്കെടുക്കു ന്നവർക്ക് ഏകദേശം 450 ഡോ ളർ പ്രതിമാസം നൽകുന്നു. ഇവരുടെ പക്കലുള്ള ആയുധ ശേഖരം വളരെ ശക്തിയു ള്ളതാണ്. പോരാളികളുടെ മക്കളെ വളർത്താനും ഗർഭം ധരിക്കാനും പടിഞ്ഞാറന് നാടുകളിൽ നിന്ന് അമുസ്ലീം വഹാബി ഇസ്ലാം അല്ലാത്ത വേറെ ഒരാശയത്തോടും സഹിഷ്ണുത കാണി ക്കാൻ ഐ.എസ്. തയ്യാറല്ല. ഇസ്ലാമിക പൈതൃകത്തിന്റെ ഈറ്റില്ലമായിരുന്ന ഇറാഖി ലേയും സിറിയയിലേയും സ് മാരകങ്ങൾ ഇന്ന് കാണാനില്ല. ആലു സൌദിന്റെ അധികാ രത്തില് അന്ന് സൗദിയിൽ നടമാടിയ സാംസ്ക്കാരിക ധ്വംസനം തന്നെയാണ് ഇന്ന് ഐ.എസ്. ഭീകർ നടത്തുന്നത് എന്നത് ചരിത്രപരമായ യാ ഥാർത്ഥ്യമാണ്. വഹാബിസമാ ണ് ഇവരുടെ ആശയം എന്ന തിന് തെളിവാണ് ഐ.എസ് പിടിച്ചടക്കിയ സ്ക്കൂളുകളിൽ നിന്ന് സിലബസ് മാറ്റം. അവി ടങ്ങൽ അബ്ദുൾ വഹാബ് രചിച്ച കിതാബുത്തൌഹീദ് പഠിപ്പിച്ച് വരുന്നു.

ആഫ്രിക്കയിലെ പ്രധാന രാഷ്ട്രങ്ങളിൽ ഒന്നാണ് നൈ ജീരിയ അൻപത് ശതമാനം മുസ്ലീംജനവാസമുള്ള നൈജീ രിയയിൽ വൻ തോതിലുള്ള ആക്രമണ പരമ്പരകളാണ് ബോക്കോഹറാം അഴിച്ചു വി ടുന്നത്. ഒരേ തരത്തിലുള്ള നശീകരണാശയവും പ്രവർ ത്തന രീതിയിലുമുള്ള ബോ ക്കോഹറാമും ഐ.എസും തമ്മിൽ കോർക്കുന്നത് ഈ മേഖലയിൽ ഉയർത്തുന്ന ഭീഷ ണി വർദ്ധിപ്പിക്കുന്നു. നൈജീ രിയയിൽ മുഹമ്മദ് ബൂഹാരി പ്രസിഡന്റായി തിരഞ്ഞെ ടുത്തതും ഭീകരവാദത്തെ തകർക്കുകാണ് തന്റെ പ്ര ഥമ ലക്ഷ്യമെന്ന് പ്രഖ്യാപി ച്ചതും പ്രതീക്ഷയ്ക്ക് വക നൽകുന്നു.

ഇസ്ലാമിക രാഷ്ട്രങ്ങൾ യു ദ്ധത്തിലും ഏറ്റുമുട്ടലിലും കഴിയട്ടെ എന്ന പാശ്ചാത്യ തന്ത്രത്തിനാണ് ഓട്ടോമൻ തകർച്ചയോടെ ലോകം സാ ക്ഷ്യം വഹിക്കുന്നത്. ഐ. എസ്. ഭീകരരിൽ നിന്നും പിടി ച്ചെടുത്ത ചില ആയുധങ്ങൾ അമേരിക്കൻ നിർമ്മിതമാണെ് എന്ന വസ്തുത പാശ്ചാത്യ മാധ്യമങ്ങൾ തന്നെ സമ്മതി ക്കുമ്പോൾ മേഖലിലെ സമാ ധാനം ആഗ്രഹിച്ച് അമേരിക്ക നടത്തുന്ന മിസൈലാക്രമണം സംശയിക്കേണ്ടിയിരിക്കുന്നു. ഉദാരവല്ക്കരണത്തിന് പ്രാധാ ന്യമുള്ള പുതിയ ലോകാക്ര മത്തിൽ സ്ഥിരതയുള്ള ഒരു അറബ് സഹകരണം കാലം ആവശ്യപ്പെടുന്നു. ചുട്ടുപൊ ള്ളുന്ന മണലാണ് ഭൂപ്രകൃ തിയെങ്കിൽ അതിനകത്തുള്ള എണ്ണ ഖനിയാണ് ലോകത്തി ന് മുൻപിൽ അറബിക്ക് വില ഇടുന്നത്. അമേരിക്കയുടെ നേതൃത്തിൽ നടന്ന ഇറാൻ ആണവ കരാർ യാഥാർ ത്ഥ്യമായതോടെ കാലങ്ങളാ യി സമാധാന ചർച്ചകളിൽ നിന്നും വിട്ടുനിന്ന ശിയാ വിഭാഗത്തിന്റെ പ്രാതിനിധ്യം അന്താരാഷ്ട്ര വേദികളിലു ണ്ടാവുമെന്നും അതിനനുസ രിച്ചുള്ള അന്താരാഷ്ട്ര നീക്ക ങ്ങൾ പുതിയ വസന്തത്തിന് വഴി തെളിക്കും എന്നത് അറ ബ് മേഖലയിൽ നിന്നും പ്രതീ ക്ഷ നൽകുന്ന പുതിയ വർത്ത മാനമാണ്.



# പെരുമഴക്കാലം

കോലായിച്ചുമരിൽ ഇന്നും ബാക്കിയുണ്ട്
ചിതൽപുറ്റുകൾ തീർത്ത വരകളുടെ വർണ്ണ വിസ്മയം
വരികളിൽ ബാക്കിയാണ്
മൂടിപിടിച്ച തുഷാരവൃത്തവും
വരവിട്ട് നീങ്ങിയ ഇടവഴികളും
പൂത്തുലഞ്ഞു നിൽക്കുന്ന പാടങ്ങളിൽ തലയുയർത്തി നിൽ
ക്കുന്ന നോക്കുകുത്തിയല്ലാതെ മറ്റൊന്നും
എന്റെ ദൃഷ്ടിയിൽ ചവിട്ടി ഞെരിച്ച് പിന്നിട്ട പടവുകൾ.
ഓർമ്മകൾ നെയ്ത പുലരികളോളം പോന്നില്ല
എങ്കിലും
കതകിൽ മുട്ടി വിളിക്കുന്നെൻ പ്രതീക്ഷകളും
ഇടയിൽ മന്ദസ്മിതം പൂണ്ട് അരിക് ചേർക്കും കിടപ്പായതും
ധൃതിയിൽ നടന്നു നീങ്ങുമെൻ സമയസൂചികയും
വരിയിട്ട് നീങ്ങുന്ന ഉറുമ്പിൻ കൂട്ടംപോൽ
ജീവിതമാം അറകളിൽ നിറം ചാർത്തുമെൻ പെരുമഴക്കാലം

**Murshid Ahamad P.B.**
I[st] BA International Relations



# സ്വപ്നം

മനസ്സിലെങ്ങോ നെയ്തിട്ട്
അവളുടെ രൂപങ്ങളിൽ
ഒരു പുലർ മഞ്ഞ്തുള്ളി
പെയ്തുടഞ്ഞപ്പോൾ
ഞെട്ടറ്റ പനീനീർപ്പൂക്കളായി
അടർന്നു നിന്നിരുന്നു
അവളെ പ്രസവിച്ച
അവന്റെ പ്രണയങ്ങൾ

**Gokul M A**
Research Scholar



# അരവയറിലും ഞങ്ങൾ സന്തുഷ്ടരാണ്...

**Thasleem M.P.**
II$^{nd}$ MSW

ഷിംലയിൽ നിന്നും ട്രെയിനിൽ വരുന്ന വഴി ഒരു സ്റ്റേഷനിൽ എത്തി. തൊട്ടു മുന്നിൽ നിർത്തിയിട്ടിരിക്കുന്ന ട്രെയിനിൽ ഇരിക്കുന്ന കുട്ടികളാണ് ചിത്രത്തിൽ.

ഫോട്ടോ എടുത്തതിന് ശേഷം അവർക്ക് കാണിച്ചു കൊടുത്തു. കുട്ടികൾക്ക് നല്ല സന്തോഷമായി. കുറച്ച് കഴിഞ്ഞ് കുട്ടികൾ എന്നോട് പറഞ്ഞു.

വിശക്കുന്നുണ്ട്. കഴിക്കാൻ എന്തെങ്കിലും വാങ്ങിത്തരുമോ എന്ന്.

ഞാൻ റെയിൽവേ സ്റ്റേഷനിലെ കടകളിലേക്ക് കണ്ണോടിച്ചു. പെട്ടെന്ന് എന്തെങ്കിലും വാങ്ങി വരാമെന്ന് ചിന്തിച്ചപ്പോഴേക്കും കുട്ടികൾ ഇരുന്നിരുന്ന ട്രെയിൻ മുന്നോട്ടെടുത്തു. നിസ്സഹായനായി നിൽക്കാനേ എനിക്ക് കഴിഞ്ഞുള്ളൂ. മുന്നോട്ടെടുത്ത ട്രെയിൻ ദൂരെ മലഞ്ചെരിവിലൂടെ ഒരു മിന്നായം പോലെ മറഞ്ഞു.

പാവം കുട്ടികളുടെ വിശപ്പിന് പരിഹാരം കാണണേ എന്ന് ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു. എന്നാലും ആ കുട്ടികളുടെ ദയനീയത നിറഞ്ഞ അപേക്ഷയെ നിവർത്തി വരുത്താൻ കഴിയാത്തത് ഒരു നീറുന്ന വേദനയായി ഹൃദയത്തിലുണ്ട്. ഇത്തരത്തിൽ ഒരുപാടൊരുപാട് പേർ ഒരു നേരത്തെ ആഹാരത്തിന് ഗതിയില്ലാതെ നമ്മുടെ ഭൂമിയിലുണ്ട്. ഇന്ത്യയാണത്രേ പട്ടിണി അനുഭവിക്കുന്നവർ ഏറ്റവും കൂടുതൽ ഉള്ള രാജ്യം.

194 മില്യൺ ആളുകൾ ഇന്ത്യയിൽ

പട്ടിണി അനുഭവിക്കുന്നുണ്ടെന്നാണ് ഈയിടെ പുറത്ത് വന്ന കണക്കുകൾ നമ്മോട് പറയുന്നത്.

മിക്ക സമയത്തും പാത്രത്തിൽ ഭക്ഷണം ബാക്കിയാക്കി എണീക്കുന്ന നമ്മുടെ ഓരോരുത്തരുടെയും കണ്ണു തുറപ്പിക്കുന്നതാണ് ഈ കണക്കുകൾ.

കണക്കുകൾ

ലോക ജനത ഇന്നനുഭവിക്കുന്ന ഒരുപാട് പ്രശ്നങ്ങൾ.

വിഭവങ്ങളെ മിതമായി ഉപയോഗം ചെയ്യുന്നതിലൂടെ നമ്മുക്ക് പരിഹരിക്കാനാകും.

അതെ, ഭൂമിയിലെ വിഭവങ്ങൾ എല്ലാവർക്കും അവകാശപ്പെട്ടതാണ്.

# വൈദ്യം പകർന്നു നൽകേണ്ടത് ആർക്ക്



Sasya Bharathi Ustad Hamza Vaidhyar

പാരമ്പര്യ വൈദ്യം ഭാരതത്തിന്റേതു മാത്രമല്ല, ലോകത്തിന്റേതാകെയാണത് ഓരോ രാജ്യത്തുമുള്ളവർക്ക് സ്വന്തം അനുഭവത്തിലൂടെ ലഭിച്ച അറിവുകളുടെ സമാഹാരമാണ് യാഥാർത്ഥത്തിൽ പാരമ്പര്യ നാട്ടുവൈദ്യം ലോകത്ത് എല്ലാ രാജ്യങ്ങളിലും പാരമ്പര്യ വൈദ്യമുണ്ട്. ശരീരത്തിനോ മനസ്സിനോ ഉണ്ടാകുന്ന അസ്വസ്ഥതകളാണ് രോഗമെന്ന് മനസ്സിലാക്കിയ പർവ്വകരായ മനുഷ്യൻ പ്രശ്ന പരിഹാരത്തിന്ന് നമ്മുക്കുള്ള ഔഷധം നമ്മുക്ക് ചുറ്റുമുണ്ടെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞ കാലം മുതൽക്കാണ് പാരമ്പര്യ വൈദ്യത്തിന്റെ തുടക്കം ഇന്ന് നിലവിലുള്ള എല്ലാ വൈദ്യശാസ്ത്രത്തിന്റേ തുടക്കം പാരമ്പര്യ വൈദ്യത്തിൽ നിന്നാണ് എല്ലാ വൈദ്യശാസ്ത്രങ്ങളും നിരന്തരം മാറ്റങ്ങൾക്ക് വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴും പാരമ്പര്യ വൈദ്യം മാത്രം മാറ്റമില്ലാതെ നിലനിൽക്കുന്നു എന്നത് ആ വൈദ്യ സമ്പ്രദായത്തിന്റെ മഹത്വമാണ്.

പാരമ്പര്യ വൈദ്യം എന്ന് പറയുന്നതിനേക്കാൾ നല്ലത് പ്രാചീന വൈദ്യം എന്ന് പറയുന്നതാവും.

കുടുമ്പ വ്യവസ്ഥയിലൂടെ തലമുറകളായി നില നിന്നു വന്നു എന്നത് കൊണ്ടാണ് ഈ വൈദ്യ സമ്പ്രദായത്തെ പാരമ്പര്യ വൈദ്യം എന്ന് പറയുന്നത്. കുടുംബങ്ങളിലൂടെയല്ലാതെയും ഇവിടെ ഈ വൈദ്യം നിലനിന്നു വരുന്നുണ്ട്. പൂർണ്ണമായും പ്രകൃതി വിഭവഹ്ങളാണ് ഔഷധമായി പ്രാചീന വൈദ്യത്തിൽ ഉപയോഗിക്കുന്നത്. പ്രത്യേകിച്ച് സസ്യങ്ങൾ.

വൈദ്യം ചെയ്യുന്നയാൾ ആരായിരിക്കണം. സ്വസ്ഥനായിരിക്കണം. ശാരീരികമായും, മാനസീകമായും ആരോഗ്യ അവസ്ഥയുള്ളവരും, മരുന്നിനെക്കുറിച്ചും രോഗങ്ങളെക്കുറിച്ചും രോഗ കാരണങ്ങളെക്കുറിച്ചും രോഗിയാക്കുന്നയാളുടെ ശാരീരിക മാനസിക അവസ്ഥകളെ



ക്കുറിച്ചും അറിയുന്നയാളും പ്രകൃതി സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്നയാളുമായിരിക്കണം. ചികിത്സകൾ യഥാർത്ഥത്തിൽ നിന്നും എത്രയോ അകലെയാണിന്ന് പ്രാചീന വൈദ്യം കാരണം തെറ്റായ പഠനവും പഠിപ്പിക്കലും.

ഇന്ന് എല്ലാവരും വൈദ്യം ചെയ്യുന്നവരായി മാറി സ്വന്തമായി അനുഭവമില്ലാതെ ആരോ എന്തോ പറയുന്നത് കേട്ട് വൈദ്യന്മാരും വൈദികളുമായുള്ളവർ.

എത്രയോ പേർ വൈദ്യം പഠിപ്പിക്കണമെന്ന് പറഞ്ഞത് വരാറുണ്ട് നൂറ് പേർ വന്നാൽ ഒന്നോ രണ്ടോ പേര് മാത്രം പഠനം തുടരും. ബാക്കിയെല്ലാവരും അടുത്ത മേച്ചിൽപ്പുറം തേടിപ്പോകും. ആർക്കും ക്ഷമയോടെ പഠിക്കാൻ താത്പര്യമില്ല. എല്ലാവർക്കും മരുന്നിന്റെ കുട്ടികൾ മാത്രം മതി. ഇത്തരത്തിൽ പഠിപ്പിക്കാനോ പഠിക്കാനോ കഴിയില്ല.

പഠനം അത് അനുഭവത്തിൽ നിന്ന് പഠിക്കുന്നതായിരിക്കണം. അറിവുള്ളവരുടെ കൂടെ കൂടി കണ്ടും കേട്ടും സ്പർശിച്ചും രുചിച്ചും മണത്തും സ്വയം പ്രയോഗിച്ചും വേണം മരുന്ന് പഠിക്കാൻ.

ചികിത്സയല്ല പഠിക്കേണ്ടത്, മരുന്നാണ് പഠിക്കേണ്ടത് മരുന്ന് പഠിച്ചാൽ ചികിത്സിക്കാൻ കഴിയും. ചികിത്സയറിയുന്നവർക്ക് മരുന്ന് അറിയണമെന്നില്ല. നല്ല ചികിത്സകനാകുന്നതിനേക്കാൾ എനിക്കിഷ്ടം നല്ല മരുന്നറിയുന്നവനാകാനാണ്.

ഔഷധസസ്യങ്ങളെക്കുറിച്ചറിയാത്തവരാണ് ഇന്ന് പല ചികിത്സകരും. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഔഷധ സസ്യങ്ങളെക്കുറിച്ച് സൗജന്യമായി പഠിക്കാൻ ഔഷധസസ്യ പഠന ബാലസഭ എന്ന പ്രസ്ഥാനത്തിന് ഞാൻ രൂപം നൽകുകയും പഠന കേന്ദ്രം വടകരയിൽ നാല് വർഷം മുമ്പ് സ്ഥാപിക്കുകയും ചെയ്തത്യ നിലവിൽ എനിക്ക് അറിയാവുന്ന ഔഷധ സസ്യവിജ്ഞാനം എണ്ണൂറിലധികം പേർക്ക് പകർന്നു നൽകുന്നുണ്ട്. കുട്ടികളും മുതിർന്നവരുമൊക്കെ വന്ന് പഠിക്കുന്നുണ്ട്. വൈദ്യന്മാരും ഡോക്ടർമാരും ശാസ്ത്രജ്ഞരും സാധാരണക്കാരുമൊക്കം ഈ കൂട്ടത്തിലുണ്ട്.

ചിലർ ഔഷധ സസ്യങ്ങളെക്കുറിച്ച് പഠിപ്പിക്കാൻ വരുന്നത് തന്നെ കാപട്യമാണ് കുബുദ്ധികൾ.

നന്മ ആഗ്രഹിച്ചു വരുന്നവർക്ക് നന്മയും തിന്മ ആഗ്രഹിച്ചു വരുന്നവർക്ക് തിന്മയും അത് പ്രകൃതി നിയമം.

ഔഷധസസ്യങ്ഹളുടെ ലോകം അത്ഭുതങ്ങളുടേതാണ് ശബ്ദമുണ്ടാക്കുന്ന സസ്യങ്ങൾ. പ്രകാശിക്കുന്ന സസ്യങ്ങൾ, തീ പിടിക്കുന്ന സസ്യങ്ങൾ. നമ്മേ ചുറ്റിപ്പിടിക്കുന്ന സസ്യങ്ങൾ, നമ്മുടെ ശരീരത്തെ ചുളിവ് വീഴ്ത്താതെ നിലനിർത്താൻ കഴിയുന്ന സസ്യങ്ങൾ ഒരുപാട് ഒരുപാട് അത്ഭുതങ്ങൾ.

സൂക്ഷ്മതയും, ശുദ്ധതയും ഉണ്ടെങ്കിൽ ആർക്കും വൈദ്യം ചെയ്യാം.

പഠിക്കാനും, പഠിപ്പിക്കാനും യോഗ്യത വേണം. എനിക്ക് പഠിപ്പിക്കാനുള്ള യോഗ്യതയില്ല. പഠിക്കാൻ വരുന്നവർക്ക് പകർന്നു നൽകാൻ അനുഭവങ്ങൾ ധാരാളമുണ്ട്. ഞാനത് നൽകുന്നു എന്ന് മാത്രം. അറിവുകൾ അടച്ചു വെയ്ക്കാനുള്ളതല്ല. അനുഭവങ്ങൾ പങ്ക് വെയ്ക്കാനുള്ളതാണ്.



# ഞാൻ സാമ്പത്തിക ശാസ്ത്രം പഠിക്കുന്നു...


**Ibraheem Khaleel C. A.**


അന്ന് ഞാൻ 7ാം ക്ലാസിൽ പഠിക്കുമ്പോൾ റംസാനിലെ അവധിയിൽ ചെയ്ത സമൂസ കച്ചവടെ മനസിന് വല്ലാത്തൊരു കുളിർമയുടെ അനുഭവമാണ് സമ്മാനിക്കുന്നത്. പ്രത്യേകിച്ചും ഇന്ന് ഞാൻ കേരള കേന്ദ്ര സർവ്വകലാശാലയിൽ സമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുമ്പോൾ. സ്വയം എന്തെങ്കിലും ചെയ്യണം, എന്റെ ആവശ്യങ്ങൾ ഞാൻ തന്നെ നിറവേറ്റണം എന്നത് ചെറുപ്പത്തിലെ എന്റെ ഒരു വാശിയായിരുന്നു.

സമൂസ വിൽപനയുടെ ആദ്യ ദിവസമായിരുന്നു അത്. മാമ്മയും (ഉമ്മാടെ ഉമ്മ) ചാച്ചയും (അമ്മാവൻ) കൂടി സമൂസ ഉണ്ടാക്കി തന്നു. അത് റംസാനിലെ അഞ്ചാം നോമ്പിന്റെ പകലാണെന്ന് തോന്നുന്നു. രാവിലെ 10 മണിക്ക് തന്നെ മാമാന്റെ വീട്ടിൽ നിന്ന് ഇറങ്ങി. അറുപതോളം സമൂസ ഉണ്ട് ഞാൻ ചുമന്ന ആ പെട്ടിയിൽ... ഞാൻ നടത്തം തുടർന്നു... സമൂസ... സമൂസ... സമൂസ... പൊച്ചലിൽ നിന്നും തുടങ്ങിയ നടത്തം ച്ര്ക്കുള അല്ലാമ വഴി തിരിച്ചുവിട്ടപ്പോൾ എന്റെ കച്ചവടം തകൃതിയായി. ഉച്ചക്ക് ഈഹർ ബാങ്ക് കൊടുക്കുമ്പോൾ 'പൊരക്ക്' തിരിച്ചെത്തി. നോമ്പും ഉണ്ടായി

രുന്നതു കൊണ്ട് നല്ല ക്ഷീണം ഉണ്ടായിരുന്നു. മാമ തകര പറിക്കുന്നിടത്ത് നിന്ന് വന്ന് കൊണ്ട് ചോദിച്ചു.. എങ്ങ് ന്ണ്ട് കല്ലിലെ... തീർന്നാ...? ആ... 14 എണ്ണം ബാക്കിണ്ട്..., മോസൊല്ല ഫസ്റ്റല്ലെ.. അത്ര തീർന്നില്ലെ... പൈസ കറക്ട് കിട്ടീറ്റെ...? കിട്ടിന്, പിന്നെല്ലെ, ചിലർക്ക് ഞാൻ നാലുർപയ്ക്ക് ബിറ്റ്, ചിലാൾക്ക് അഞ്ചുർപ്പക്ക്. അതിക ആൾക്കും മൂന്നുർപ്പക്കെന്ന ബിറ്റെ... ഞാൻ മാമനോട് ഭയങ്കര അഭിമാനത്തോടെ പറഞ്ഞു. പക്ഷെ മാമാന്റെ മുഖഭാവം മങ്ങിയത് ഞാൻ കണ്ടു. നിയെന്തിന് അങ്ങിനെ ബിറ്റത്. എല്ലാ സമൂസയ്ക്കും മൂന്നുർപ്പ്യന്നല്ലെ ബെല... അത് ശരിയല്ല അബെ.. മാമ എന്നെ ശാസിച്ചു....അത് ഒരു ശുദ്ധമായ രീതിയായി ഇന്നും എന്റെ മനസ്സിൽ നിലകൊള്ളുന്നുണ്ട്, മാത്രമല്ല നമ്മുടെ പൂർവ്വികരാണ് സാമൂഹികമായി, ഏറ്റവും സ്വീകാര്യമായ സാമ്പത്തിക രീതികൾ പുലർത്തിയിരുന്നത് എന്ന് പല സംഭവങ്ങളും കാണുമ്പോൾ പലകാര്യങ്ങൾ വായിക്കുമ്പോഴും തോന്നാറുണ്ട്. സാമ്പത്തിക ശാസ്ത്രത്തിലെ ലാഭാദിഷ്ഠിതമായ വിവേചനപരമായ തിയറികൾ കാണുമ്പോഴും എനിക്കൊരു തരം പുച്ഛം തോന്നാതിരിക്കാറില്ലാ...

സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ആദംസ്മിത്തിന്റെ നിർവ്വചനത്തിൽ സാമ്പത്തിക ശാസ്ത്രം എന്നത് അമൂല്ല്യമായ വിഭവത്തെ ഏറ്റവും മൂല്യമായ വിനിയോഗത്തിനെക്കുറിച്ചുള്ള മനുഷ്യന്റെ സ്വഭാവ നിർണ്ണയത്തെ സ്വാധീനിക്കുക എന്നതാണ് ഞാൻ മനസ്സിലാക്കിയത്. ഏത് കോണിൽ നിന്നും വീക്ഷിച്ച് നോക്കിയാലും സാമ്പത്തിക ശാസ്ത്രം എന്നത് ഒരു സമൂഹത്തിന് ഏറ്റവും അനിവാര്യതയുടെ അതിർവരമ്പുകളാണ് തീർക്കുന്നത്.

സങ്കുചിതമായ കാഴ്ചപ്പാടിൽ അല്ലെങ്കിൽ പെട്ടെന്നുള്ള വീക്ഷണത്തിൽ എങ്ങിനെ പണം ഒരുപക്ഷെ മനസ്സിലേക്ക് കടന്നുവരുന്നത്, പക്ഷെ മാനസിക വിഷയത്തിന്റെ പൂർണ്ണമായ ശാഖകളിലൂടെയാണ് ----- ഇക്കണോമിക്സ്, പബ്ലിക് ഇക്കണോമിക്സ്..... തുടങ്ങിയ ശാഖകളെല്ലാം അതിന്റെ വ്യാപ്തി അത്യുന്നതങ്ങളിലേക്ക് എത്തിയ്ക്കുന്നു. പണം എല്ലാം നിയന്ത്രിക്കപ്പെടുന്ന കാലഘട്ടത്തിൽ കേവല മുഖവിലയുള്ള കടലാസിന്റെ കെട്ടുകൾ തുന്നിച്ചേർക്കാൻ ഞാനും നിങ്ങളും തിടുക്കം കൂട്ടുമ്പോൾ ഒരു പുനർചിന്തനമാണ് സാമ്പത്തിക ശാസ്ത്രം നൽകുന്നത്.

വെള്ളം മിതമായി ഉപയോഗിക്കുകയും അത് മിതമായി ഉപയോഗിക്കാൻ പ്രേരിക്കുന്നവനും മറ്റു പ്രകൃതിയോടുള്ള പെരുമാറ്റങ്ങൾ ലളിതമാക്കുന്നവരും പ്രകൃതി സ്നേഹി എന്നതിലുപരി ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ കൂടിയാണ്, മൂന്നക്ക നമ്പറുള്ള നോട്ടുകൾ ഒരുപാട് വരുന്നത് കൊണ്ട് വൈദ്യുതിയും, എനർജിയും പാഴാക്കുന്നവർക്കിടയിൽ സ്വിച്ചിമർത്തലുകൾ നിയന്ത്രിക്കുന്നവരും വലിയ ഇക്കണോമിസ്റ്റുകളാണ്, തൊഴിലാളിയും മുതലാളിയും തമ്മിൽ ബാങ്ക് അക്കൗണ്ടിലെ ബാലൻസിന്റെ അന്തരത്തിൽ വിവേചനം മുളപൊട്ടുമ്പോൾ പണത്തിന്റെ വിസരണത്തിനുണ്ടാകുന്ന വ്യത്യാസം ലഘൂകരിക്കാനുള്ള ആസൂത്രകർ ഭരണകർത്താക്കൾ എന്നതിലുപരി ഒരു സാമ്പത്തിക ശാസ്ത്രജ്ഞനാണ്. തൊഴിലാളി -മുതലാളി കൂട്ടുപങ്കാളിത്തം ഉറപ്പുവരുത്തുന്നത് മാനേജർ എന്നതിലുപരി ഒരു ഇക്കണോമിസ്റ്റാണ് കാരണം ഇവയെല്ലാത്തിന്റെ പരമാവധിയുള്ള വികസനവും ഉപയുക്തതയുമാണ് അതായിരിക്കും ശക്തിയിലുള്ള നാളെയുള്ള സമൂഹത്തെ സൃഷ്ടിക്കുന്നത്. ഇവിടെയാണ് സാമ്പത്തിക ശാസ്ത്രത്തിന്റെ പൂർണ്ണതയിലേക്ക് എത്തുന്നത്.

പി.ആർ. ബ്രഹ്മാനന്ത, ഐ ജി പട്ടേൽ, എ.എം കുസ്റു, ഡോ. മൻമോഹൻസിങ്, സി. രംഗരാജൻ, ടി.എൻ. ശ്രീനിവാസൻ, ജെ.എൻ. ഭഗവതി,

അശോക് വിദേശായ്, കെ,. എൽ കൃഷ്ണ, ബിമാൽ ജലാൻ, ബി.വി. കൃഷ്ണമൂർത്തി തുടങ്ങി ഒട്ടനവധി വ്യക്ത്വങ്ങൾ വളർന്നുവന്നത് സാമ്പത്തിക ശാസ്ത്രത്തിന്റെ വഴികൾ വെട്ടിത്തെളിച്ച് കൊണ്ടാണ് എല്ലാറ്റിലും ഉപരി സാമ്പത്തിക ശാസ്ത്രത്തിലെ, മിതത്വവും, ലളിതവും, ക്ഷേമവും, പരമാവധിയുള്ള ഉപയുക്തതയും പ്രയോഗികതലത്തിൽ വിനിയോഗിക്കുന്ന ഓരോ ഇടപെടലുകളും ഒരു ഇക്കണോമിസ്റ്റിന്റേത് കൂടിയാണ്. ആർഭാടപരമായ ആഘോഷത്തിനെതിരായും, നാളെയെ മറന്നുകൊണ്ടുള്ള പ്രകൃതിയുടെ ഉപയോഗത്തിനെതിരേയും, നിലകൊള്ളുന്നവരും, തൊഴിലിന് വേണ്ടി ആരെയോ കാത്തിരിക്കുന്നതിന് പകരം ഒരു തൊഴിൽ ദാതാവ് ആകുവാൻ ശ്രമിക്കുന്നവരുമാണ് യഥാർത്ഥ ഇക്കണോമിസ്റ്റുകൾ എന്നന്ന് മൈക്രോയിലേയും മാക്രോയിലേയും ഓരോ താളുകളും മറിക്കുമ്പഴും എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

ഖലീഫ ഉമറിന്റെ ഭരണമാണ് ഞാൻ ഇന്ത്യയിൽ ആഗ്രഹിക്കുന്നത് എന്ന് നമ്മുടെ രാഷ്ട്ര പിതാവ് പറഞ്ഞത് അദ്ദേഹം ചരിത്രത്തിലെ ഏറ്റവും നല്ല ഭരണാധികാരി എന്നതിലുപരി ഒരു നല്ല സാമ്പത്തിക ശാസ്ത്രജ്ഞൻ ആഗ്രഹിക്കുന്നത് ഒരു സമൂഹത്തിന്റെ അല്ലെങ്കിൽ രാഷ്ട്രത്തിന്റെ മൊത്തത്തിലുള്ള ക്ഷേമമാണ് അതിനായി നമ്മുക്കും അണിചേരാം. സാമ്പത്തിക ശാസ്ത്രത്തിലൂടെയുള്ള പഠനത്തോടൊപ്പം ഞങ്ങളുടെ മേഖലയിലെ ന്യൂസ് ഏജന്റ് എന്ന നിലയിലും, കുറഞ്ഞത് ഒരാൾക്കെങ്കിലും സ്ഥിരമായി ജോലി നൽകാൻ കഴിയുന്നു എന്നതിൽ ഞാൻ അഭിമാനിക്കുന്നു, കാരണം ഈ ഐഡിയകളെല്ലാം എനിക്ക് പകർന്ന തന്നത് ഈ സാമ്പത്തിക ശാസ്ത്രമാണ് അതിലെ ധാർമ്മികത പൂർവ്വികരുടേതുമാണ്.





# हिन्दी



# दोस्ताना

जिंदगी के किसी मोड़ पर,
मिलेंगी फिर हम।
होना है जुदा अब।
दो अजनबी थीं हम।
बारिश के मौसम पर
मिली पहली बार हम।
एक पेड़ के नीचे रुकी थीं हम।
हमने साथ बिताये थोड़े पल
बनी सहारा एक दूजे की।
चलते चलते बन गईं हम दोस्त
नहीं तोड़ेंगी यह दोस्ती कभीं........
हमें दिखाई जिंदगी इसी पेड़ ने
हमने देखी साथ बैठकर
अपनी जिन्दगी आनेवाली।
धूप में छाया बनी तू
बारिश में छतरी बनी मैं।
एक दूसरे की सहारा थीं हम
अब थम गयी यह बारिश।
साथ बिताए हम ने पल,
अब जाना है सबको
अपने रास्ते।
आई है बिदाई की घड़ी
वादा किया हमने सबसे
मिलेंगी एक बार फिर।
न भूलेंगे यह कीमती लम्हें
जो हमने साथ बितायी थी।
अपनी मन्जिल के रास्ते पर
कहीं मिलेंगीं फिर हम।
अब कहना है अलविदा
लेकिन होंगें न जुदा कभीं हम
दूर होकर भी हम होंगे पास।।

**दिलना के. (DILNA K.)**
IInd M.A. Hindi and Comparative Literature

ने आम आदमी को वाणी दी है। आम आदमी की व्यथा कथा को आम आदमी की भाषा में प्रस्तुत किया। सर्वेश्वरदयाल सक्सेना के 'बकरी', 'लड़ाई', 'ग़रीबी हट ाओ', लक्ष्मीकांत वर्मा का रोश्वनी एक नदी, सुशील कुमार सिंह का सिंहासन खली है आदि नाटकों में समकालीन राजनीतिक जीवन की सच्चाई, राजनीती से जुड़े लोगों के मुखौटे के पीछे का चेहरा आदि का चित्रण मिलता है।

आम आदमी के मोहभंग को चित्रित करनेवाले नाटकों के बारे में नरनारायण की राय है कि,

**"इन नए नाटककारों ने ऐसे नाट ्यशिल्प को स्वीकार किया जो आम आदमी के आभाव का सही है और ऐसे कथ्य जुटाए जिनमें दर्शकों को यह अनुभव हुआ कि उनके सामने जो कुछ लाया जा रहा है वह सब उनकी कथा है"**।

इतिहास एवं पुराण के प्रति नाटककारों का ख़ास दृष्टिकोण रहा है। अतीत को आधुनिकता के सन्दर्भ में लाने की कोशिश समकालीन नाटककारों ने किया। स्वातंत्रोत्तर हिंदी नाटककारों में जगदीशचन्द्र माथुर पहले ऐसे नाटककार है जिनके नाटकों में इतिहास पुराण को एक नयी दृष्टि से अभिव्यंजित किया गया है। माथुर जी ने इतिहास पुराण को आधार बनाकर अनेक नाटकों की रचना की है। जिनमें कोणार्क (1951), शारदीया (1951), पहला राजा (1969), आदि उल्लेखनीय है। इनके अलावा मोहन राकेश के आषाढ़ का एक दिन, लहरों का राजहंस, दुष्यंतकुमार का एक कंठ विष पाई, धर्मवीर भारती का अंधायुग, शंकर्शेष के कोमल गांधार, एक और द्रोणाचार्य, आदि नाटक भी ऐतिहासिकता को आधार बनाकर समकालीन यथार्थ को प्रस्तुत करते हैं। "समकालीन हिंदी नाटककारों की इतिहास दृष्टि आदर्शपरक नहीं है, बल्कि उनमें समसामयिक परिवेश और युगबोध की अभिव्यक्ति गहनता से सक्रिय है"।

समकालीन नाटककार नारी को नहीं भूले। नारी के साथ हो रहे शोषण और उनके अन्दर की तकलीफ़, दर्द, पीड़ा, आदि को उजागर करने का प्रयास भी नाट ककारों ने किया है। महानगरीय जीवन में पारिवारिक सम्बन्धों में आए तनाव, अर्थ हीनता से उत्पन्न ऊसरपन, अकेलापन आदि को भी समकालीन नाटककारों ने उतनी सच्चाई से प्रस्तुत किया। ऐसे नाट कों में मोहन राकेश का आधे अधूरे, लक्ष्मीनारायण लाल के "अँधा कुआ, मादा कैक्टस, मुद्राराक्षस का तिलचट्टा, मन्नू भंडारी का बिना दीवारों का घर आदि आते हैं"।

समकालीन नाटककारों ने शोषित नारी की दशा देखकर केवल आँसू ही नहीं बहाए, उसकी हालत में बदलाव लाने के लिए उसे संघर्ष करने की प्रेरणा भी दी। मन्नू भंडारी, मृदुला गर्ग, मृणाल पांडे आदि महिला लेखिखाओं के नाट कों में ऐसी नारियों का सशक्त चित्रण मिलता है। इसके बाद के कई नाटकों में भूमंडलीकरण एवं उदारीकरण का प्रभाव ज़ोर से पड़ा है। बाजारीकरण का प्रभाव से साहित्य भी अछूता नहीं रहा।

इस तरह समकालीन हिंदी नाटक विभिन्न धरातल को लेकर आगे बढ़ रहा है। समकालीन नाटककारों ने जीवन यथार्थ एवं जीवन मूल्यों को पाठकों के सामने उसी प्रकार प्रस्तुत करने में सफल भी हुए हैं।

**आधार ग्रन्ध सूची**

1. हिंदी साहित्य का इतिहास, संपा. डा. नगेन्द्र, नैशनल पब्लिशिंग हाउस, नई दिल्ली, 2015

2. हिंदी साहित्य और संवेदना का विकास, रामस्वरूप चतुर्वेदी, लोकभारती प्रकाशन, इलहाबाद, 2015

3. हिंदी नाटक इतिहास दृष्टि और समकालीन बोध, डा प्रभात शर्मा, संजय प्रकाशन, नई दिल्ली, 2010

# यादें

सपना सजा रखा था इस दिन का कब से
आगे की राह देखी थी न जाने कब से
बडी उतावली थी यहाँ से जाने की
ज़िदगी का एक नया पडाव पाने की।
न जाने क्यों दिल में बहुत कुछ याद आती है।
आज वक्त को रोकने को मन करता है।
रोती थी जिन बातों को लेकर आज आती है हँसी उन यादों से
बहुत याद आती है उन पलों की
जो ज़िदगी में कभी वापस नहीं आती।
वे लम्हें जो मेरी ज़िदगी के अनमोल पल बन गये।
वहीं लम्हें जो मेरे गुज़रे हुए कल बन गये।
काश उन लम्हों को मैं फिर से जी पाती
आज भी याद है उन पलों की
जो ज़िदगी और सपनों में साथ होती थी।
वे पल जो अब लौट के नहीं आ सकते
जहाँ मैं चाह के भी नहीं जा सकती।
अजीब थे ये पल, जिन में शामिल हैं हँसी व रुलाई भी।
आज उन लम्हों को मैं यादों में संजोकर जाऊँगी।
क्या इन खुबसूरत लम्हों को फिर से मैं जी पाऊँगी ?
बस यही एक दुआ है रब से
सिर्फ एक बार उन लम्हों को फिर से महसूस करा दें।

**KAVYASREE T.C.**
I[st] MA Hindi & Comparative Literature

# समकालीन हिंदी नाटकों में संवेदना के विविध आयाम

दिलना के. (DILNA K.)

हिंदी क्षेत्र में नवजागरण की पहली सशक्त अभिव्यक्ति नाटकों के माध्यम से हुई। नवजागरण की चेतना की अभिव्यक्ति का शुभारम्भ भारतेन्दु हरीशचंद्र के साहित्य से होता है। भारतेन्दु तथा उनके युगीन नाटककारों ने इतिहास के साथ साथ पुराण तथा मिथकों का प्रयोग करते हुए युगीन समस्याओं को अभिव्यंजित करने का प्रयास किया है। भारतेन्दु के बाद हिंदी नाटक का विकास जयशंकर प्रसाद तथा उनके युगीन नाटकों में दिखाई देता है। हिंदी नाटक के विकास का तीसरा चरण प्रसाद युगीन नाटकों के बाद शुरु होता है, जो भिन्नता का सन्दर्भ लेते हुए आगे बढ़ते है। प्रसादोत्तर हिंदी नाटक के सर्वप्रथम संवाहक के रूप में उपेन्द्रनाथ अश्क को माना गया है।

समकालीन हिंदी नाटककार न नाट्यवस्तु की विविधता और सतर्कता के प्रति उदासीन है और न ही शिल्पगत विविधता के प्रति। समकालीन हिंदी नाटककारों ने अपने समाज को नाटक के माध्यम से प्रस्तुत करने की कोशिश की। समाज में मौजूद समस्याओं का समाधान साहित्य के द्वारा प्रस्तुत करने का प्रयास अनेक साहित्यकारों की रचनाओं में दिखाई देता है।

नाटकों को प्रत्यक्ष जीवन के निकट लाने के लिए, जीवन की सच्चाई को नाट कों के ज़रीए प्रस्तुत करने के लिए नाट ककारों ने विभिन्न भंगिमाएं अपनाई है। आम आदमी की तकलीफ, व्यथा कथा को समकालीन नाटककारों ने अपने नाट कों के द्वारा प्रस्तुत किया। राजनीतिक सत्ताधारी वर्ग किस प्रकार आम आदमी को लूटते है, कैसे उनका इस्तेमाल करके अपना फायदा उठाते हैं उन सबका चित्रण कई नाटकों में मिलता है। नाटककारों

# कलाभवन मणि का जाना...



**Vaishnav**
I[st] MA Hindi &
Comparative Literature

कला सहृदयों, विशेषकर मलयालम समाज के लिएअभी तक यह वर्ष अत्यंत वेदनापूर्ण रहा है। कला जगत में प्रतिभाओं का चल बसना ऐसे प्रतीत हो रहा है जैसे पतझर का महीना हो और पेड़ से पत्ते गिरते चले जा रहे। लेकिन इसे पतझर भी नहीं कहा जा सकता क्योंकि पतझर में वे पत्ते गिरते है जिनकी आयु ख़त्म हो जाती है और जनमानस को इस बात का भरोसा रहता है कि बसंत आने वाला है। लेकिन केरल के लिए यह अत्यंत दुखद घड़ी है क्योंकि इस वर्ष अभनेत्री कल्पना, कवि ओ एन वी, कथाकार अकबर कक्काटिल, फिल्म निर्देशक राजीव

पिल्लै के बाद रविवार को कलाभवन मणि हमें रोता हुआ छोड़कर चले गए. 6-3-2016 की शाम ने मलयालम के प्रिय अभिनेता कलाभवन मणि की मृत्यु ने केरल के कला प्रेमियों के मन को झकझोर कर रख दिया। अपनी प्रतिभा की इन्द्रनीलिमापन (चमक) को अधूरा छोड़कर उन्होंने मात्र 45 वर्ष की अवस्था में ही हमें छोड़कर स्वर्ग की यात्रा पर निकल पड़े। मणि को इस तरीके से समय रुपी काल ने हमसे चुरा लिया। हम क्या कर सकते है?

मलयालम सिनेमा के क्षेत्र में ही नहीं बल्कि पूरे दिक्षण में मणि ने अपना स्थान बना लिया था, वे लोगों के ह्रदय में विराजमान हैं। उन्हें अभिनेता, मिमिक्री कलाकार और खासकर लोकगीत के क्षेत्र में अनमोल रतन माना जाता है, वे जो छूते थे वह सोना बन जाती थी, जैसे पारस का पत्थर होता है। मणि में अद्भुत प्रतिभा का पुट था। उनकी सिनेमा यात्रा का आरम्भ मिमिक्री से होकर शरूहोती है। मूक अभिनय के साथ शारीरिक चेष्ट ा से आपने लोगों को आनंदित किया। मणि की प्रतिभा का चमत्कार वासंतियुम लक्ष्मियुम पिन्ने नानुमऔर करिमाटीकुटन फिल्मों में देखा जा सकता है, जोउनकी आरंभिक फिल्मों में है। कलाभवन के अभिनय की श्रेष्ठता को ध्यान में रखकर केंद्र एवं राज्य सरकार ने उन्हें स्पेशल जूरी पुरस्कार से नवाजा था। उन्होंने लगभग 200 फिल्मों में आपने प्रतिभा का चमत्कार दिखाया। मणि हमारे लिए ऊर्जा का स्वर हैं। उनके लोकगीतों में ऐसी जान है जो दूसरे कलाकारों में नहीं देखा जा सकता। जब मलयालम लोकगीत विनाश के कगार पर थे तब मणि के अवतारी रूप ने इसे बचाया और संपुष्ट किया। वे जब दर्शकों के सम्मुख स्टेज पर आकर गेट थे तब ऐसा प्रतीत होता था कि जनमानस स्वादिष्ट व्यंजनों वाली दावत खाकर आनंदित हुए। वे अच्छे गायक के साथसाथ खुद ही गीत भी लिखते थे। उन्होंने अनेक गीत स्वयं लिखकर उसका गायन किया। गीतों में प्यार, आम जनता की वेदना, संघर्ष का स्वर, घर वापसी की आस आदि सब कुछ देखा जा सकता है।

मणि का व्यक्तित्व अत्यंत सरल एवं महनीय है। जीवन भर समाज के निचले वर्ग के साथ रहकर उनकी पीड़ा को समझकर उनकी सहायता करते रहे। दूसरों के दुःख पर रोते वे गरीब के साथी थे क्योंकि वे खुद दलित समाज की पीड़ाओ को सहकर आये थे। बचपन में पीने के लिए साफ़ पानी रहे। तक उन्हें नहीं मिला। इस बात को वे स्वयं कूबूल करते थे। जो पैसा सिनेमा तथा अन्य कार्यक्रम से उन्हें मिलता था वो गरीबों की सहायता के लिए खर्च कर देते थे। यही कारण था कि यह चालक्कुडी निवासी अपने गाँव और गरीबों का ईश्वर है और दुनिया छोड़ने के बाद भी लम्बे समय तक उनके ह्रदय में विराजमान रहेगा। हमें दुख इस बात का है कि समाज के लिए मणि ने जो चमत्कार किया है उसे बाहरी दुनिया वाले नहीं जानते। एक बार मणि ने कहा था कि जब मेरा अंत होगा तबी सब मेरे महत्व को जानेंगे। आज उनका कथन सही साबित हुआ और वे सच में हमको रुला गए औरयह सच पूरे कला प्रेमिओं के लिए अपनाना मुश्किल है।

हमेशा की तरह आज भी हम दर्शक बने रहे। देखते देखते आज ईश्वर ने मलयालम फिल्म जगत के उस तारे को चुरा लिया जो आम जनता के दिल का टुकड़ा था। आज मृत्यु ने मणि का वरण किया है पर मणि हमारे ह्रदय में सदैव जीवित रहेगा। वे हमेशा शब्दचित्र, हंसी, नाद बनकर हमारे अन्तस्थल में विराजमान हैं।

# Media News about CUK

മെട്രോ മനോരമ

metro knr@mm.co.in

## കവിത ഒരു സ്മൈലി!

### കവിത പഠിക്കാനും പഠിപ്പിക്കാനും വിദ്യാർഥികളുടെ വാട്സാപ് ഗ്രൂപ്പ്



## സർവകലാശാല പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കി

കാസർകോട് ● സ്വച്ഛ്ഭാരത് പരിപാടിയുടെ ഭാഗമായി കേന്ദ്ര സർവകലാശാലയുടെ പെരിയയിലുള്ള മെയിൻ ക്യാംപസ് പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കി.

എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ നടന്ന മാലിന്യ നിർമാർജന പരിപാടിയുടെ ആദ്യപടി എന്ന നിലയിലാണ് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തത്. ഇരുനൂറിൽപ്പരം വരുന്ന വൊളന്റിയർമാർ സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കു മുന്നോടിയായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

സെൽ കോ-ഓർഡിനേറ്റർ ഡോ. ബി. ഇഫ്തിഖാർ അഹമ്മദ്, പ്രോഗ്രാം ഓഫിസർമാരായ ഡോ. വി.പി. ജ്യോഷിത്, ഡോ. അശ്വതി നായർ, ഡോ. ലക്ഷ്മി എന്നിവർ നേതൃത്വം നൽകി.



എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കേന്ദ്ര സർവകലാശാലയിലെ പെരിയ ക്യാംപസിൽ നിന്നു ശേഖരിച്ച മാലിന്യങ്ങളുമായി വൊളന്റിയർമാർ.



## ഉപരിപഠനം കേന്ദ്രസർവകലാശാലയിൽ
## ആകർഷണീയ കോഴ്സുകൾ

### കോഴ്സുകൾ, യോഗ്യതകൾ

മാതൃഭൂമി കാസർകോട്



## മികവിന്റെ കേന്ദ്രം

### ഇനി ലക്ഷ്യം മെഡിക്കൽ കോളേജ് -വൈസ് ചാൻസലർ

### പുസ്തകങ്ങളുടെ സർവകലാശാല



## മാടായിപ്പാറയിൽ വിദ്യാർഥികളുടെ ശുചീകരണം

## സ്വാതന്ത്ര്യദിന പക്ഷാചരണം സമാപിച്ചു

പെരിയ ● കേന്ദ്ര സർവകലാശാലയിൽ പതിനഞ്ചു ദിവസമായി നടന്നുവന്ന എഴുപതാം സ്വാതന്ത്ര്യദിന പക്ഷാചരണം വർണാഭമായ ചടങ്ങുകളോടെ സമാപിച്ചു. ഇതിന്റെ ഭാഗമായി പെരിയയിൽനിന്ന് ആരംഭിച്ച സ്വാതന്ത്ര്യ പദയാത്ര ക്യാംപസിൽ സമാപിച്ചു. പദയാത്ര സർവകലാശാല വൈസ് ചാൻസലർ ഡോ. ജി.ഗോപകുമാർ ഫ്ലാഗ് ഓഫ് ചെയ്തു. ചടങ്ങിൽ സ്വാതന്ത്ര്യ സമരസേനാനി കെ.ആർ.കണ്ണനെ വൈസ് ചാൻസലർ പൊന്നാടയണിച്ച് ആദരിച്ചു. ഡോ. അമൃത് ജി.കുമാർ, റജിസ്ട്രാർ ഡോ. കെ.പി.






# Dr. A.P.J.Kalam

## Gold Medal Award (2015)

Dr. Ranjith Kumavath, Assistant Professor & Former Head In-Charge, Department of Genomic Science, School of Biological Sciences, Central University of Kerala, Kasaragod District, Kerala State bagged the prestigious ***Dr. A.P.J.Kalam Gold Medal Award for 2015***.The award instituted by the Global Economic Progress and Research Association (GEPRA), New Delhi, is annually presented as a Lifetime Achievement Award to distinguishand meritorious Indian personalities who have contributed to the society in the fields of education and scientific research for his outstanding individual achievements and distinguished service in education and research. The award has been conferred during national Unity Conference on "Individual Achievements and National Development" held on 15th October, 2015 at Hotel Pratap Plaza, Chennai, Indiapresided by Hon'ble Justice S. Mohan, Supreme Court of India(Former Governor of Karnataka), Hon'ble Dr. P. Mannar Jawahar, Former Anna University Vice-Chancellor, Hon'ble Dr. K Venkatapathy, Former Minister of Law and Justice, Government of India, and other National leaders and dignitaries for excellence in his respective field. The award consists of Trophy, certificate and gold medal.Now he is engaged in research in the field of "Molecular Microbial Genetics/Metagenomics, Infective Diseases and Cancer Genomics"



# BOOKS PUBLISHED BY CUK FACULTY












## UGC NET Coaching




## VC Inaugurates Lecture Series at CUK






# CUK Team in Various South Zone Inter-University Competions- 2015







Football Team



Cricket Team





Inter-university Chess competition 2016, Amrita University , Coimbatore




Cricket  Camp Inauguration



IIIrd prize winner (Drama) of Inter-University South Zone Arts Fest, 2015

# CUK PHOTOGRAPHY COMPETITION 2015-16
## ( Through the Mobile Cam)



**Periye Campus**



**Vidhyanagar Campus**




**Padanakad Campus**



# தமிழ்



# முதிர்ச்சி

நரைத்தது
என் தலைமுடி மடடும்தான்
நண்பர்கனின்
நினனவு அல்ல,

முதிர்ந்தது
என் வயது மட்டும்தான்
என்றும் நிலைக்கும்
நட்டு அல்ல,

இன்றும் தேவைப்பட்டுவதில்லை
உளன்றுகோல்..
என் நண்பர்களின்
கைகள் உண் போது

முதிர்நதது காலம்,
மறைந்தது என்
நட்பு என்றும் அஸ்திவாரம்

**Rekha Priyadarshini C**
I st BA IR & PS



# நட்பு

**Rekha Priyadarshini C**

கைகோர்த்து
நடந்திட மட்டுமல்ல
வாழவில் சருக்கும் நேரத்தில்
தோள் தட்டிக் கொடுக்கவும்
செய்வதே
நட்டு

# Foot Print

## പിന്നിട്ട വഴികൾ

പുതുമയുടെ വഴികളിൽ
അന്യം നിന്നുപോയ നാട്ടുവെളിച്ചത്തെ
തിരികെ കൊളുത്താൻ...
ഇടക്കു കണ്ടു, കേട്ടു, അനുഭവിച്ചു
ഒന്നൊഴിയാതെ പകർത്തിയ ഒരു
കാൻവാസ് ആയി മാറി ഈ മാഗസിൻ.
ഒരു കടലോളം തരാൻ കൊതിയായും
ഒരു കുമ്പിളിൽ മാത്രം ഒതുങ്ങിപ്പോകുകയും
ചെയ്തവന്റെ വേദനയും
നിസ്സഹായതയും മനസ്സിൽ ഉണ്ട്.
എങ്കിലും
പിൻതിരിഞ്ഞു നോക്കുമ്പോൾ
പാതയിൽ ഒരേ ലക്ഷ്യത്തിനായി
ഒരേ മനസോടെ,
ഒരേ കാൽവെയ്പ്പുമായി
ചലിച്ച ഒരു കൂട്ടം കാലടികൾ
കാണുമ്പോൾ സന്തോഷമുണ്ട്...
ഒപ്പം അറിഞ്ഞും അറിയാതെയും
ഞങ്ങളുടെ വഴിത്താരകളിൽ
കയറി വന്നവർ, ഒന്നും പറയാതെ
ഇറങ്ങിപ്പോയവർ
ലക്ഷ്യമെത്തും വരെ കൂടെ നിന്നവർ...
ഇവർക്കെല്ലാമുള്ള നന്ദിയും കടപ്പാടും
മനസിൽ സൂക്ഷിച്ച്,
അഭിപ്രായങ്ങൾക്കും, വിമർശനങ്ങൾക്കും
കാതോർത്തുകൊണ്ട്..

സ്നേഹപൂർവ്വം,
**ഷമീം സി. സി.**
എഡിറ്റർ